

# താമരമൊട്ടുകൾ

## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

നാളം 28 ഫെബ്രുവരി 2026 ലക്കം 2 Price 20

# BISHOP'S PROGRAMME

## FEBRUARY 2026

| | | |
|---|---|---|
| 01 | | Kanjirapally |
| 02 | | Changanassery |
| 03 | 06.30 | Chakkittapara |
| | 10.30 | Thamarassery |
| 03 - 10 | | CBCI Bangalore |
| 10 | 15.30 | Oorakam |
| 11 | 16.15 | Kattipara |
| 12 | 17.30 | Pariyapuram |
| 13 | 06.30 | PMOC |
| 14 | 11.00 | Vettilapara |
| | 14.00 | Thamarassery |
| | 16.00 | Pullurampara |
| 15 | 10.00 | Kaniyaram |
| | 17.00 | Poilomchal |
| 16 - 19 | | Kunnoth |
| 20 | | Office Day |
| | 18.15 | Pullurampara |
| 21 | 16.30 | Maruthomkara |
| 22 | 07.00 | Valiakolly |
| 23 | 10.00 | Thamarassery |
| 24 | 10.00 | Thamarassery |
| 25 - 28 | | AKCC (Engaged) |

**February 2026**
**Volume: 28 - Issue 02**

**Chief Editor**
**Chancellor**
**Diocese of Thamarassery**
Thamarassery, Kozhikode - 673 573
Tel: 0495 - 2223376, 2963370
email: diocesetmy09@gmail.com
www.thamarassserydiocese.com

## ഉള്ളടക്കം

1. ആശംസകൾ 68
2. പ്രോഗ്രാം 69
3. സിനഡനന്തര സർക്കുലർ 70
4. സർക്കുലർ 76
5. സർക്കുലർ 84
6. കച്ചേരിക്കാര്യം 90
7. സ്നേഹസ്മരണയ്ക്ക് 93
8. ആദരാഞ്ജലികൾ 96
9. സമുദായ ശക്തീകരണവർഷം 97
10. റൂബി ജൂബിലി 98
11. ബൈബിൾ അപ്പോസ്തോലേറ്റ് 99
12. വിശ്വാസപരിശീലനം 100
13. സെമിനാരി വാർത്തകൾ 102
14. ചെറുപുഷ്പ മിഷൻലീഗ് 104
15. കെസിവൈഎം - എസ്എംവൈഎം 105
16. മദ്ബഹ ശുശ്രൂഷാസംഘം 108
17. കുടുംബകൂട്ടായ്മ 109
18. പ്രവാസി അപ്പോസ്തോലേറ്റ് 110
19. യൂദിത്ത് ഫോറം 111
20. എക്യുമെനിസം 112
21. ഇൻഫാം 113
22. വിദ്യാഭ്യാസ രംഗം 114
23. സ്റ്റാർട്ട് 116
24. ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് 119
25. ആൽഫാ മരിയ അക്കാദമി 120
26. എയ്ഡർ എഡ്യൂകെയർ 121
27. ജീസസ് ഫ്രട്ടേണിറ്റി 122
28. കത്തോലിക്ക കോൺഗ്രസ് 123
29. കരുണാഭവൻ 125
30. കരിസ്മാറ്റിക് മൂവ്മെന്റ് 125
31. ബഥാനിയ ധ്യാനകേന്ദ്രം 128
32. വികസനവേദി 130
33. തീർഥയാത്രകൾ 136
34. യേശുനിധി 137
35. അജപാലനകുറിപ്പുകൾ 138





# Birthday Greetings

## Rev. Fathers

| | | |
|---|---|---|
| Vellaramkalayil George | February | 1 |
| Muttathukudiyil Dominic | | 8 |
| Pulayamparambil Thomas | | 11 |
| Chennickara Antony | | 12 |
| Palakkattu Joseph | | 13 |
| Varakil Antony | | 13 |
| Nedumala Zacharias | | 14 |
| Pulichamakkal Joseph | | 16 |
| Cherupillattu Varkey | | 17 |
| Kizhakkekunnel Simon | | 17 |
| Kalarickal Thomas | | 19 |
| Pazhukunnel Johnson | | 19 |
| Kizhakkarakatt Augustine (Sr) | | 19 |
| Chuvappunkal Thomas | | 24 |
| Aranjaniolickal Joseph (Sr) | | 25 |
| Thalachirakuzhi Kurian | | 25 |
| Mattakottil Mathew | | 27 |
| Kizhakkarakatt Sudeep | | 27 |
| Vamattathil Augustine | | 27 |

**Mar Remigiose Inchananiyil**



# പ്രോഗ്രാം

## ഫെബ്രുവരി 2026

| | | |
|---|---|---|
| 02 | തിങ്കൾ | നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം; കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ |
| 04 | ബുധൻ | വി. ജോൺ ബ്രിട്ടോ |
| 06 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 08 | ഞായർ | തിരുബാലസഖ്യദിനം |
| 11 | ബുധൻ | **ലൂർദ് മാതാവ്**, രോഗീദിനം,<br>ചരമദിനം: ഫാ. പോൾ കളപ്പുര (1998) |
| 12 | വ്യാഴം | പ്രീകാനാ കോഴ്സ് (12-14) |
| 13 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ,<br>ജീവിത വിശുദ്ധീകരണ ധ്യാനം (13-16) |
| 15 | ഞായർ | വലിയനോമ്പാരംഭം, പേത്തുർത്ത |
| 16 | തിങ്കൾ | **വിഭൂതി** |
| 20 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 21 | ശനി | താമരശ്ശേരി രൂപത കോർപ്പറേറ്റ് അധ്യാപക സംഗമം |
| 23 | തിങ്കൾ | പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തകരുടെ രൂപതാതല സമ്മേളനം |
| 24 | ചൊവ്വ | ചരമദിനം: ഫാ. മാത്യു മുതിരചിന്തിയിൽ (2011)<br>പ്രസ്ബിറ്ററൽ കൗൺസിൽ |
| 25 | ബുധൻ | വാ. സി. റാണിമരിയ |
| 27 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |



# സിനഡാനന്തര സർക്കുലർ

*Prot. No. 0008/2026*

മിശിഹായിൽ പ്രിയ സഹോദരീസഹോദരമാരേ,

സീറോമലബാർസഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ ആദ്യ സമ്മേളനം 2026 ജനുവരി ആറു മുതൽ പത്തുവരെ തീയതികളിൽ സഭയുടെ ആസ്ഥാനകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ കർത്താവിന്റെ അനന്തമായ കരുണയുടെയും അനുഗ്രഹത്തിന്റെയും ആത്മീയാനുഭവം പകർന്നുനല്കിയ ജൂബിലിവർഷം പൂർത്തിയായിരിക്കുകയാണല്ലോ. 'പ്രത്യാശയുടെ തീർഥാടകർ' എന്ന ആപ്തവാക്യ മുയർത്തി ആചരിച്ച ഈ കൃപാവർഷത്തിൽ നാം പ്രാപിച്ച ആത്മീയ നവീകരണത്തിനും ദൈവാനുഭവങ്ങൾക്കും നമുക്ക് ഒന്നുചേർന്നു ദൈവത്തിനു നന്ദിയർപ്പിക്കാം. ജൂബിലി വർഷാചരണത്തിലൂടെ ആർജിച്ചെടുത്ത ആത്മീയചൈതന്യം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നിലനിറുത്താനും മിശിഹായുടെ സ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാനും നാം തുടർന്നും പരിശ്രമിക്കേണ്ടതുണ്ട്.

ലോകമെങ്ങും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശം മുഴങ്ങേണ്ട ക്രിസ്തുമസ്കാലം നിർഭാഗ്യവശാൽ നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലെ ചില ഭാഗങ്ങളിൽ ഭീതിയുടെയും അശാന്തിയുടെയും ദിനങ്ങളായി മാറി. ഭരണഘടന നല്കുന്ന അവകാശങ്ങൾപോലും നിഷേധിച്ചു ക്രൈസ്തവ ദൈവാലയങ്ങൾക്കും പ്രാർഥനാ കൂട്ടായ്മകൾക്കുംനേരേ നടന്ന അതിക്രമങ്ങൾ അങ്ങേയറ്റം വേദനാജനകമാണ്. നമ്മുടെ സ്നേഹത്തിന്റെ പ്രവൃത്തികളെ നിർബന്ധിത മതപരിവർത്തന ശ്രമങ്ങളായി വ്യാഖ്യാനിക്കുന്ന വിദ്വേഷത്തിന്റെ സംസ്കാരം വളരാൻ അനുവദിക്കുന്നതു നമ്മുടെ രാജ്യത്തിന്റെ മതേതര സ്വഭാവത്തെത്തന്നെ ദുർബലമാക്കുന്നു. കുരിശിലെ ബലിയിലൂടെ എല്ലാവരെയും തന്നിലേക്ക് ആകർഷിച്ച മിശിഹായുടെ സ്നേഹത്തിന്റെ ശക്തിയാണു നമ്മുടെ വിദ്യാഭ്യാസ,

കാരുണ്യ പ്രവർത്തനങ്ങളിൽ പ്രകടമാകുന്നത്. എതിർപ്പുകളും പീഡനങ്ങളുമുണ്ടാകുമ്പോഴും ധൈര്യപൂർവം സുവിശേഷത്തിന്റെ സന്തോഷം ജീവിക്കുന്ന എല്ലാ സഭാമക്കളെയും സഭ വാത്സല്യത്തോടെ പ്രോത്സാഹിപ്പിക്കുന്നു. 'നമ്മുടെ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്. ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ചുകൊണ്ട് അവന്റെ സുവിശേഷത്തെപ്രതിയുള്ള ക്ലേശങ്ങളിൽ നീയും പങ്കുവഹിക്കുക' (2 തിമോ 1:8) എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്കു പ്രചോദനമാകട്ടെ.

## ശക്തീകരണത്തിലൂടെ മുന്നോട്ട്

സമുദായ ശക്തീകരണവർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചുകൊണ്ടായിരുന്നു ജനുവരി ആറാം തീയതി സിനഡ് ആരംഭിച്ചത്. സഭയുടെ വളർച്ചയും നില നില്പ്പും അതിന്റെ ഓരോ അംഗത്തിന്റെയും ആത്മീയവും സാമൂഹികവുമായ ഉന്നമനത്തിൽ അധിഷ്ഠിതമാണ്. സീറോമലബാർസഭ പ്രഖ്യാപിച്ച സമുദായ ശക്തീകരണവർഷം കേവലം ഒരു ആചരണമല്ല, മറിച്ചു നമ്മുടെ സമുദായാംഗങ്ങളെ തങ്ങളുടെ ദൗത്യങ്ങളെപ്പറ്റി അവബോധമുള്ളവരാക്കാനും അതിനായി അവരെ ബലപ്പെടുത്താനും അങ്ങനെ പൊതുജീവിതത്തിന്റെ എല്ലാ മേഖലകളെയും മിശിഹായുടെ പ്രബോധനത്താൽ ശുദ്ധീകരിക്കാനുമുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. സഭാംഗങ്ങൾ, പ്രത്യേകിച്ചു കുടുംബങ്ങളും ഇടവകകളും, വിശ്വാസത്തിലും തനിമയിലും അവബോ ധമുള്ളവരായി നിലനിന്നാൽമാത്രമേ പൊതുസമൂഹത്തോടുള്ള നമ്മുടെ സുവിശേഷ ദൗത്യം നിറവേറ്റാൻ നാം പ്രാപ്തരാകുകയുള്ളു. 'ക്രിസ്ത്യാനിക്കു ശത്രുക്കളില്ല, സഹോദരീസഹോദരന്മാർ മാത്രം. പരസ്പരം മനസിലാകാത്തപ്പോഴും അവർ സഹോദരങ്ങളായി തുടരുന്നു' എന്ന ലെയോ പതിനാലാമൻ പാപ്പായുടെ വാക്കുകൾ, വിശ്വസാഹോദര്യമാണു നാം ലക്ഷ്യംവയ്ക്കുന്നതു എന്ന യാഥാർഥ്യത്തിനു അടിവരയിടുന്ന താണ്.

ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ ധീരമായി നേരിടാൻ യുവജനങ്ങളെയും കുടുംബങ്ങളെയും പ്രാപ്തരാക്കുക എന്നതാണ് ഈ വർഷാചരണത്തിന്റെ പ്രധാനലക്ഷ്യം. പൊതു ഇടങ്ങളിൽ നമ്മുടെ സാന്നിധ്യത്തെ ദുർബലപ്പെടുത്തുന്ന ജനസംഖ്യാശോഷണം കുടുംബങ്ങളിൽ ചർച്ചാവിഷയമാകണം. സീറോമലബാർ സഭാംഗ

ങ്ങൾ പൊതുഭരണരംഗത്തേക്കും രാഷ്ട്രീയത്തിലേക്കും സജീവമായി കടന്നുവരേണ്ടതു പൗരധർമത്തിന്റെ ഭാഗമാണ്. 'പൗരന്മാരുടെ നിതാന്തജാഗ്രതയിലാണു ജനാധിപത്യത്തിന്റെ നിലനില്പ്പ്' എന്ന ചൊല്ലു നമുക്കു മറക്കാതിരിക്കാം. നമ്മുടെ സമുദായാംഗങ്ങളുടെ ഇടയിൽ സംഭവിക്കുന്ന, വിദേശരാജ്യങ്ങളിലേക്കുള്ള വീണ്ടുവിചാരമില്ലാത്ത കുടിയേറ്റം, ചിലരെയെങ്കിലും വലിയ കടബാധ്യതകളിലേക്കും വിശ്വാസശോഷണത്തിലേക്കും നയിക്കുന്നുണ്ട്. തൊഴിൽ തേടുന്നവർ മാത്രമാകാതെ തൊഴിൽ സൃഷ്ടിക്കുന്നവരും തൊഴിൽ ദാതാക്കളുമാകാനുള്ള നമ്മുടെ സാധ്യത നാം മനസിലാക്കണം. കൃഷി ലാഭകരമല്ല എന്നു പറയുമ്പോഴും, ശാസ്ത്രീയമായി കൃഷി ചെയ്തു അനേകംപേർക്കു തൊഴിൽ കൊടുക്കാൻ കഴിയും എന്നതിനു നമ്മുടെ ചില രൂപതകളിൽ അഭിനന്ദനാർഹമായ മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്നതു ശ്രദ്ധേയമാണ്. വർത്തമാന കാലത്തു നമ്മുടെ മുൻപിലുള്ള പ്രതിസന്ധികളെ മറികടക്കാൻ സമുദായ ശക്തീകരണവർഷത്തിലെ കർമപദ്ധതികളെ ഗൗരവമായി ഏറ്റെടുക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

## ഗൾഫു മേഖലയ്ക്ക് അപ്പസ്തോലിക് വിസിറ്റർ

ഗൾഫുമേഖലയിലെ സീറോമലബാർ സഭാവിശ്വാസികൾക്കു ഫലപ്രദമായ അജപാല നശുശ്രൂഷ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾക്കായി വളരെ നാളുകളായി നാം പരി ശ്രമിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഗൾഫുനാടുകളിലെ സീറോമലബാർ സഭാംഗങ്ങൾക്കായി പരിശുദ്ധ സിംഹാസനം അപ്പസ്തോലിക് വിസിറ്ററെ നിയമിച്ചതുവഴി സഭയുടെ വളർച്ചയിൽ നിർണായക മായൊരു ചുവടുവയ്പ്പാണു സംഭവിച്ചിരിക്കുന്നത്. ഗൾഫുമേഖലയിലെ സീറോമലബാർ വിശ്വാസികൾക്കു ആവശ്യമായ അജപാലന സംവിധാനങ്ങൾ അനുവദിക്കുന്നതിനു മുന്നോടി യായി അവിടങ്ങളിലുള്ള നമ്മുടെ വിശ്വാസിസമൂഹങ്ങളുമായും നിലവിലുള്ള അജപാലന സംവിധാനങ്ങളുമായും സംവദിച്ച് ഒരു വിശദമായ പഠന റിപ്പോർട്ടു തയ്യാറാക്കി പരിശുദ്ധ സിംഹാസനത്തിനു സമർപ്പിക്കുക എന്നതാണ് അപ്പസ്തോലിക് വിസിറ്ററുടെ പ്രഥമ ദൗത്യം. പരിമിതികൾക്കു നടുവിലും മാതൃസഭയുടെ ആരാധനാക്രമ പാരമ്പര്യത്തിൽ നിലനില്ക്കാൻ ത്യാഗപൂർവം പരിശ്രമിച്ച

എല്ലാവരെയും നന്ദിയോടെ ഓർമിക്കുന്നതിനൊപ്പം അപ്പസ്തോലിക് വിസിറ്ററായി നിയമിതനായ ബഹു. ജോളി വടക്കനച്ചന് എല്ലാ പിന്തുണയും നല്കണമെന്നു ഗൾഫുനാടുകളിലെ എല്ലാ സീറോമലബാർ സഭാമക്കളോടും അഭ്യർഥിക്കുന്നു.

## അനുരഞ്ജനത്തിലൂടെ ഐക്യത്തിലേക്ക്

ഐക്യമുള്ള സമുദായത്തിനു കാലത്തിന്റെ ഗതിമാറ്റാൻ കഴിയുമെന്നും ആരാധനക്രമത്തിലെ ഐക്യം വിശ്വാസികൾക്കിടയിലുള്ള ആഴമേറിയ സാഹോദര്യത്തിന്റെ പ്രകാശനമാണ് എന്നുമുള്ള ബോധ്യത്തിൽനിന്നാണു വി. കർബാന അർപ്പണരീതിയിൽ ഏകീകരണം നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചത്. എന്നാൽ നാം ലക്ഷ്യം വച്ച ഐക്യം പൂർണമായും യാഥാർഥ്യമായിട്ടില്ല എന്നതു ദുഃഖകരമാണ്. ഏകീകൃത രീതിയിലുള്ള കുർബാനയർപ്പണം നടപ്പിലാക്കണം എന്ന സഭയുടെ തീരുമാനം, എറണാകുളം അങ്കമാലി അതിരൂപതയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളെ സിനഡ് അനുഭാവപൂർവം പരിഗണിക്കുന്നു. പരിശുദ്ധ സിംഹാസനം അംഗീകരിച്ച ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സംബന്ധിച്ചുള്ള സിനഡിന്റെ തീരുമാനം മാറ്റമില്ലാതെ തുടരുന്നതാണ്. ഏകീകൃത കുർബാന അർപ്പണത്തിനുവേണ്ടി ആഗ്രഹിക്കുകയും നിലപാടെടുക്കുകയും നടപ്പിലാക്കുകയുംചെയ്ത രൂപതകളെയും വ്യക്തികളെയും സഭ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. എറണാകുളം അങ്കമാലി അതിരൂപതയുടെ പ്രത്യേക സാഹചര്യത്തിൽ ഘട്ടം ഘട്ടമായി ഏകീകൃത വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കാനുള്ള സിനഡുതീരുമാനത്തോടു എല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിക്കുകയും ക്രൈസ്തവാരൂപിക്കു ചേരാത്ത പ്രതിഷേധ മാർഗങ്ങൾ വെടിഞ്ഞു അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കാൻ ബന്ധപ്പെട്ട ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

## വൈദികപരിശീലനത്തിന്റെ കാലോചിതനവീകരണം

മാറുന്ന സാഹചര്യങ്ങളിൽ സഭയുടെ ദൗത്യം കൂടുതൽ ഫലപ്രദമാക്കുന്നതിനു വൈദികപരിശീലനം കാലോചിതമായി നവീകരിക്കേണ്ടത് അനിവാര്യമാണെന്നു മെത്രാൻ സിനഡു വിലയിരുത്തി. സുവിശേഷപ്രഘോഷണത്തിൽ തീക്ഷ്ണത ജ്വലിപ്പിക്കുന്ന വൈദികപരിശീലനം കാലത്തിന്റെ അനിവാര്യതയാണ്. ആത്മീയവും

ദൈവശാസ്ത്രപരവുമായ അറിവിനോടൊപ്പം, വൈദികാർഥികൾ മാനസികമായ പക്വതയും സാമൂഹിക പ്രതിബദ്ധതയും ആധുനിക സാങ്കേതികവിദ്യകളിൽ നൈപുണ്യവുമുള്ളവരായി വളരേണ്ടതുണ്ട്. വൈദികപരിശീലനത്തെക്കുറിച്ചു സിനഡിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ ഗവേഷണങ്ങളും പഠനങ്ങളും വർഷങ്ങളായി നടന്നുവരികയായിരുന്നു. അവയുടെ വെളിച്ചത്തിൽ വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കുംശേഷം നവീകരിച്ച പരിശീലനപദ്ധതിക്കു സിനഡു അന്തിമരൂപം നല്കിയിട്ടുണ്ട്. ഇവ നടപ്പിൽ വരുത്തുന്നതിന്റെ ആദ്യഘട്ടമായി മൈനർ സെമിനാരി പരിശീലനകാലഘട്ടത്തിൽ കാതലായ ചില നവീകരണങ്ങൾക്കു സിനഡ് അംഗീകാരം നല്കുകയും ഈ രംഗത്തുള്ള എല്ലാവരുടെയും പങ്കാളിത്തത്തോടെ അതു നടപ്പിലാക്കാൻ വൈദികർക്കായുള്ള സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു.

## അജപാലനത്തിലും സുവിശേഷവത്കരണത്തിലും മുന്നോട്ട്

കേരളത്തിനു പുറത്തു പുതിയ അതിരൂപതകളും വിവിധ രാജ്യങ്ങളിൽ അജപാലന സംവിധാനങ്ങളുമായി സീറോമലബാർ സഭ വളർച്ചയുടെ പടവുകൾ കയറുമ്പോൾ, ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വവും വർധിക്കുകയാണ്. സഭയുടെ പൈതൃകവും ആത്മീയതയും മുറുകെപ്പിടിച്ചുകൊണ്ടു തന്നെ, വ്യത്യസ്ത സംസ്കാരങ്ങളിലുള്ള വരുമായി സംവാദത്തിൽ ഏർപ്പെടാനും മിശിഹായുടെ സ്നേഹം സാർവത്രികമായി പ്രഘോഷിക്കാനും നാം കടപ്പെട്ടവരാണ്. ഈയൊരു ദൗത്യം ഏറ്റെടുക്കാൻ പ്രാപ്തരായ കൂടുതൽ മിഷനറിമാരെ വാർത്തെടുക്കാനും തങ്ങളുടെ വിശ്വാസത്തെക്കുറിച്ചും സഭയെക്കുറിച്ചും അഭിമാനബോധമുള്ള വരായി സഭാംഗങ്ങളെ വളർത്താനും സഹായകമാകുന്ന രീതിയിൽ, അല്മായർക്കു വേണ്ടിയുള്ള ഒരു പ്രേഷിത മുന്നേറ്റം, 'ജീവൻ ജ്യോതി സീറോമലബാർ മിഷനറി മൂവ്മെന്റ്'' എന്ന പേരിൽ ആരംഭിക്കുകയാണ്. സുവിശേഷ വത്കരണം നമ്മുടെ പ്രഥമ ദൗത്യമാകയാൽ കൂടുതൽ വൈദിക സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കാൻ കുടുംബങ്ങൾ പ്രത്യേക താല്പര്യം കാണിക്കേണ്ടതുണ്ട്.

ജൂബിലിവർഷം സമാപിച്ചെങ്കിലും അതു നമ്മുടെ ഹൃദയങ്ങളിൽ വിതച്ച പ്രത്യാശയുടെയും കാരുണ്യത്തിന്റെയും വിത്തുകളെ നമുക്കു

പരിപോഷിപ്പിക്കാം. 'ജൂബിലി വർഷം സമാപിക്കുമ്പോഴും പ്രത്യാശയുടെ തീർഥാടനം തുടരുകയാണെന്ന്' ലെയോ പതിനാലാമൻ മാർ പാപ്പയുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് ജനുവരി മാസം 10-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

*2026 ജനുവരി 18-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നൽകിയത്.*



# 34-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് നല്കുന്ന സന്ദേശം (ഫെബ്രുവരി 11, 2026)

*Ref: 4181/K-35/KCBC/DS*

“സമരിയാക്കാരന്റെ അനുകമ്പ: അപരന്റെ വേദന വഹിച്ചുകൊണ്ടു സ്നേഹിക്കുന്നത്”

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പത്തിനാലാമത് ലോക രോഗീദിനം പെറുവിലെ ഷിക്ലായോയിൽ 2026 ഫെബ്രുവരി പതിനൊന്നാം തീയതി സാഘോഷം കൊണ്ടാടപ്പെടും. ഈ അവസരത്തിൽ, നല്ല സമരിയാക്കാരന്റെ ചിത്രം വീണ്ടും വിചിന്തനവിഷയമാക്കാൻ ഞാൻ താത്പര്യപ്പെടുന്നു; കാരണം, അത് എപ്പോഴും പ്രസക്തവും ഉപവിയുടെ സൗന്ദര്യം വീണ്ടും കണ്ടെത്തുന്നതിനും അനുകമ്പയുടെ സാമൂഹികതലം തിരിച്ചറിയുന്നതിനും സർവപ്രധാനമായി നിലകൊള്ളുന്നു. കൂടാതെ, ഈ വിചിന്തനം ആവശ്യങ്ങളിൽ ഇരിക്കുന്നവരിലേക്കും സഹിക്കുന്നവരിലേക്കും, ഏറെ പ്രത്യേകിച്ച് രോഗികളിലേക്ക്, നമ്മുടെ നേത്രങ്ങൾ തിരിക്കുന്നു.

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ഏറെ ഹൃദയസ്പർശിയായ ആ വിവരണം നമുക്ക് സുപരിചിതമാണ് (ലൂക്കാ 10:25-37). ഈ കഥ പറഞ്ഞുകൊണ്ട് നിയമവിദഗ്ധനായിരുന്ന ഒരാളോടു യേശു പ്രത്യുത്തരിക്കുന്നു; താൻ സ്നേഹിക്കേണ്ട അയൽക്കാരൻ ആരാണെന്നാണ് അയാളുടെ ചോദ്യം: ജറുസലേമിൽനിന്ന് ജറിക്കോയിലേക്ക് യാത്രചെയ്ത ഒരാളെ തസ്കരന്മാർ ആക്രമിക്കുകയും അർധപ്രാണനായി വഴിയരികിൽ തള്ളുകയും ചെയ്യുന്നു. ഒരു പുരോഹിതനും ലേവായനും അതുവഴി കടന്നുപോയി; എന്നാൽ പിന്നാലെ വന്ന സമരിയാക്കാരനു മാത്രം അവനോട് അനുകമ്പ തോന്നുകയും അവന്റെ മുറിവുകൾ വച്ചുകെട്ടുകയും അവനെ ഒരു സത്രത്തിൽ കൊണ്ടാക്കുകയും അവനെ പരിചരിക്കാൻ വേണ്ടത് നല്കുകയും ചെയ്യുന്നു. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ഫ്രാൻസിസ് പാപ്പാ എഴുതിയ ‘എല്ലാവരും സഹോദരർ’ (*Fratelli Tutti*) എന്ന ചാക്രിക

ലേഖനത്തിന്റെ സ്ഫടികത്തിലൂടെ ഈ വചനഭാഗം ചിന്താവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ, ആവശ്യങ്ങളിൽ ഇരിക്കുന്നവരോടു കാണിക്കുന്ന അനുകമ്പയും കാരുണ്യവും കേവലം ഒരു വ്യക്തിപരമായ പ്രവൃത്തിയായല്ല കാണുന്നത്, മറിച്ച് അത് ബന്ധങ്ങളിലൂടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്: ആവശ്യങ്ങളിൽ ഇരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം, അവരെ പരിചരിക്കുന്നവരോടൊപ്പം, തന്റെ സ്നേഹം നമുക്കു നല്കുന്ന ദൈവത്തോടൊപ്പം.

## 1. കണ്ടുമുട്ടലിന്റെ ദാനം: സാമീപ്യവും സാന്നിധ്യവും നല്കുന്നതിലുള്ള ആനന്ദം

ധ്രുതിയുടെതായ ഒരു സംസ്കാരത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്; അതായത്, പെട്ടെന്നും തിടുക്കത്തിലും; ഇതൊരു 'ഉപേക്ഷിച്ചുകളയലിന്റെയും' (discard) നിസ്സംഗതയുടെയും സംസ്കാരമാണ്. വഴിയരികിൽനിന്നുകൊണ്ട് അല്പസമയം ചെലവഴിക്കാൻ അത് നമ്മെ അനുവദിക്കുന്നില്ല; നമ്മുടെ ചുറ്റുമുള്ള ആവശ്യങ്ങൾ കണ്ടെത്താനും സഹനത്തിന്റെ അടുത്തുചെന്ന് അത് തിരിച്ചറിയാനും നമ്മെ അത് അനുവദിക്കുന്നില്ല. ഈ ഉപമയിൽ, പരിക്കേറ്റ ആളെ കണ്ടപ്പോൾ ആ സമരിയാക്കാരൻ 'കടന്നുപോയില്ല.' പകരം, അവൻ അയാളെ ശ്രദ്ധയുള്ള, തുറന്ന നേത്രങ്ങളിലൂടെ നോക്കി; അത് യേശുവിന്റെതന്നെ നോട്ടത്തിന്റെ ശൈലിയാണ്; ആ നോട്ടം മാനുഷികവും അനുകമ്പാർദ്രവുമായ സാമീപ്യത്തോടെ പ്രവർത്തിക്കാൻ അയാളെ പ്രേരിപ്പിച്ചു. സമരിയാക്കാരൻ 'നില്ക്കുകയും ആ മനുഷ്യന്റെ അടുത്തുചെല്ലുകയും വ്യക്തിപരമായി ശുശ്രൂഷിക്കുകയും ചെയ്തു. അയാളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സ്വന്തം പണം ചെലവഴിക്കുകപോലും ചെയ്തു... 'എല്ലാറ്റിനും ഉപരി അയാൾ സ്വന്തം സമയം ആ മനുഷ്യനുവേണ്ടി കൊടുത്തു' (1). നമ്മുടെ അയൽക്കാരൻ ആരാണെന്ന് യേശു നമ്മെ പഠിപ്പിക്കുന്നില്ല, മറിച്ച് എങ്ങനെ നമുക്ക് അയൽക്കാരനാകാൻ സാധിക്കുമെന്ന്; മറ്റു വാക്കുകളിൽ, എപ്രകാരം നമുക്ക് മറ്റുള്ളവരുടെ അടുക്കലേക്കു കടന്നുചെല്ലാൻ സാധിക്കും എന്ന് (2). ഇക്കാര്യത്തിൽ, വിശുദ്ധ അഗസ്റ്റീനോസിനോടൊപ്പം നമുക്ക് പറയാനാകും: ആ മനുഷ്യന്റെ അയൽക്കാരൻ ആരാണെന്ന് നമ്മെ കാണിക്കുക എന്നതായിരുന്നില്ല കർത്താവിന്റെ ലക്ഷ്യം; മറിച്ച്,

അയാൾ ആർക്ക് അയൽക്കാരനായിത്തീരണം എന്നതായിരുന്നു. യഥാർഥത്തിൽ, അപരന്റെ പക്കലേക്ക് ഒരാൾ സ്വതന്ത്രമായി അടുത്തു ചെല്ലുന്നതുവരെ അയാൾക്ക് ഒരു ശരിയായ അയൽക്കാരനാകാൻ സാധിക്കുകയില്ല. അങ്ങനെ അയൽക്കാരനായിത്തീർന്നത് കരുണ കാണിച്ചവൻ ആയിരുന്നു (3).

സ്നേഹം നിഷ്ക്രിയമായ ഒന്നല്ല; അത് അപരനെ കണ്ടുമുട്ടാനായി ഇറങ്ങിത്തിരിക്കുന്നു. അയൽക്കാരൻ ആയിരിക്കുക എന്നത് ശാരീരികമായോ സാമൂഹ്യമായോ അടുത്തിരിക്കുന്നതുവഴി നിർണയിക്കപ്പെടുന്നതല്ല; മറിച്ച്, അത് സ്നേഹിക്കാനുള്ള തീരുമാനത്തിൽ നിന്നാണ് വരുന്നത്. അതിനാലാണ് ക്രിസ്ത്യാനികൾ സഹനത്തിൽ ആയിരിക്കുന്നവരുടെ അയൽക്കാരായി ഭവിക്കുന്നത്; അത് ക്രിസ്തുവിന്റെതന്നെ മാതൃക പിന്തുടർന്നുകൊണ്ടാണ്; അവിടന്നാണ് യഥാർഥ ദിവ്യ സമരിയാക്കാരൻ; അവിടന്ന് മുറിവേറ്റ മനുഷ്യരാശിയുടെ സമീപത്തേക്കുവന്നു. ഇവ വെറും മനുഷ്യ സ്നേഹത്തിന്റെ (philanthropy) പ്രവൃത്തികളല്ല; മറിച്ച്, അപരന്റെ സഹനത്തിൽ വ്യക്തിപരമായി പങ്കുചേരുന്നതിൽ സ്വയദാനം ഉൾപ്പെടുന്നു എന്നു നാം തിരിച്ചറിയുന്ന അടയാളങ്ങളാണ്. ഇത് കേവലം ആവശ്യങ്ങൾ നിറവേറ്റുക എന്നതിന് ഉപരിയായി പോകുന്നതാണ്; അങ്ങനെ നമ്മുടെ വ്യക്തിത്വംതന്നെ ദാനത്തിന്റെ ഭാഗമായി മാറുന്നു (4). ഈ തരത്തിലുള്ള ഉപവി നിശ്ചയമായും ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനാൽ പരിപോഷിപ്പിക്കപ്പെടുന്നതാണ്; അവിടന്ന് നമുക്കുവേണ്ടി സ്നേഹത്താൽ തന്നെത്തന്നെ നൽകിയല്ലോ! കുഷ്ഠരോഗികളുമായുള്ള തന്റെ കണ്ടുമുട്ടലിനെക്കുറിച്ചു പറഞ്ഞപ്പോൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ഇക്കാര്യം സുന്ദരമായി അവതരിപ്പിക്കുകയുണ്ടായി: 'കർത്താവുതന്നെ എന്നെ അവരുടെ ഇടയിലൂടെ നയിച്ചു' (5); എന്തെന്നാൽ, അവരിലൂടെ അവിടന്ന് സ്നേഹിക്കുന്നതിന്റെ മധുരതരമായ ആനന്ദം കണ്ടെത്തിയിരുന്നു.

യേശുക്രിസ്തുവുമായുള്ള ഐക്യത്തിൽനിന്നാണ് കണ്ടുമുട്ടലിന്റെ ദാനം പുറപ്പെടുന്നത്. നമുക്ക് നിത്യരക്ഷ പകർന്നുതന്ന നല്ല സമരിയാക്കാരനായി നാം അവിടത്തെ തിരിച്ചറിയുന്നു. മുറിവേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ അടുക്കലേക്കു നാം

കടന്നുചെല്ലുമ്പോൾ നാം അവിടത്തെ സന്നിഹിതനാക്കുന്നു. വിശുദ്ധ അംബ്രോസ് പറഞ്ഞു: 'നമ്മുടെ മുറിവുകൾ സുഖപ്പെടുത്തിയ അവിടന്നല്ലാതെ മറ്റാരും നമ്മുടെ യഥാർഥ അയൽക്കാരൻ അല്ലാതിരിക്കേ, നമുക്ക് അവിടത്തെ കർത്താവും അയൽക്കാരനും ആയി സ്നേഹിക്കാം; കാരണം, ശിരസ്സല്ലാതെ മറ്റൊന്നും അതിന്റെ അംഗങ്ങൾക്ക് ഏറ്റവും സമീപസ്ഥമായി ഉണ്ടാകില്ല. ക്രിസ്തുവിനെ അനുകരിക്കുന്നവരെയും നമുക്ക് സ്നേഹിക്കാം; മറ്റുള്ളവരുടെ ദാരിദ്ര്യത്തെപ്രതി സഹിക്കുന്നവരെയും നമുക്ക് സ്നേഹിക്കാം; അത് ശരീരത്തിന്റെ ഐക്യത്തിനുവേണ്ടി ആയിരിക്കട്ടെ'(6). സാമീപ്യത്തിലൂടെയും സാന്നിധ്യത്തിലൂടെയും സ്വീകരിക്കപ്പെടുകയും പങ്കുവെക്കപ്പെടുകയും ചെയ്യുന്ന സ്നേഹത്തിലൂടെയും 'ഒന്നായിരിക്കുന്നവനിൽ ഒന്നായിരിക്കുക' (To be one in the One) എന്നത് ആനന്ദിക്കുക എന്നതത്രേ; വിശുദ്ധ ഫ്രാൻസിസിനെപ്പോലെ, കർത്താവിനെ കണ്ടുമുട്ടിയതിന്റെ മധുരിമയിൽ.

## 2. രോഗീപരിചരണത്തിലുള്ള കൂട്ടായ പ്രേഷിതദൗത്യം

സമരിയാക്കാരന് 'അവനെ കണ്ടപ്പോൾ അനുകമ്പ തോന്നി' എന്നു വിശുദ്ധ ലൂക്കാ എഴുതുന്നു. ഈ അർഥത്തിൽ 'അനുകമ്പ' എന്നത് നമ്മെ പ്രവൃത്തിയിലേക്കു നിർബന്ധിക്കുന്ന ആഴമാർന്ന ഒരു വികാരമാണ്. അത് ഉള്ളിൽനിന്ന് ഉതിരുന്ന ഒരു വികാരമത്രേ; അത് അപരന്റെ സഹനത്തോടു പ്രതിജ്ഞാബദ്ധമായി പ്രതികരിക്കാനായി നമ്മെ പ്രേരിപ്പിക്കുന്നു. ഈ ഉപമയിൽ സജീവ സ്നേഹത്തെ നിർണയിക്കുന്ന സവിശേഷതയാണ് അനുകമ്പ; അത് സൈദ്ധാന്തികമോ കേവലം വികാരപരമോ ആയ ഒന്നല്ല; മറിച്ച്, അത് മൂർത്തമായ പ്രവൃത്തികളിലൂടെ പ്രകാശിതമാകുന്ന ഒന്നാണ്. ആ സമരിയാക്കാരൻ അവന്റെ അടുത്തുചെന്നു, മുറിവുകൾ വച്ചുകെട്ടി, ഉത്തരവാദിത്വം ഏറ്റെടുത്തു, പരിചരണത്തിനുള്ള വക നല്കി. ശ്രദ്ധേയമാംവിധം, അയാൾ ഒറ്റയ്ക്കല്ല പ്രവർത്തിക്കുന്നത്: 'ആ മനുഷ്യനെ ശുശ്രൂഷിക്കാൻ കഴിയുന്ന ഒരു സത്രക്കാരനെ സമരിയാക്കാരൻ കണ്ടെത്തി; നമ്മളും ഒരു കുടുംബമായി ഒന്നിച്ചുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു; കാരണം, ചെറിയ വ്യക്തിഗത അംഗങ്ങളുടെ പ്രയത്നങ്ങളേക്കാൾ ഒരുമിച്ചുള്ള പ്രവർത്തനം കൂടുതൽ ശക്തമാണ്' (7). പെറുവിൽ പ്രേഷിതനും മെത്രാനും ആയിരുന്ന നിലയ്ക്ക് എന്റെ അനുഭവത്തിൽ നിന്ന്, സമരിയാക്കാരന്റെയും സത്രം സൂക്ഷിപ്പുകാരന്റെയും

ചൈതന്യത്തിൽ പ്രവർത്തിച്ചിട്ടുള്ള ഒട്ടനവധിപേർ കരുണയും അനുകമ്പയും കാണിച്ചതിന് എനിക്ക് സാക്ഷ്യം വഹിക്കാനാകും. കുടുംബാംഗങ്ങൾ, അയൽക്കാർ, രോഗീപരിചരണത്തിലെ അജപാല കദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, അതുപോലെതന്നെ മറ്റ് അനവധിപേർ വഴിമധ്യേ നിന്നുകൊണ്ട് ആവശ്യങ്ങളിൽ ഇരിക്കുന്ന വരുടെ സമീപത്ത് എത്താനും സുഖപ്പെടുത്താനും പിന്തുണയ്ക്കാനും അനുഗമനം ചെയ്യാനും തയ്യാറാകുന്നു. തങ്ങൾക്കുള്ളത് നല്കിക്കൊണ്ട് അനുകമ്പയ്ക്ക് അവർ ഒരു സാമൂഹ്യമാനം നല്കുന്നു. ഇക്കാരണത്താൽ, 'ഞാൻ നിന്നെ സ്നേഹിച്ചു' (Dilexi Te) എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ രോഗീപരിചരണം സഭയുടെ പ്രേഷിതദൗത്യത്തിന്റെ 'പ്രധാനപ്പെട്ട ഭാഗം' മാത്രമല്ല അത് ആധികാരികമായ 'സഭാത്മക പ്രവൃത്തി' (ecclesial action) ആണെന്നു ഞാൻ പറയുകയുണ്ടായി (J. 49). ഒരു സമൂഹത്തിന്റെ ആരോഗ്യത്തിന്റെ അളവുകോലായി ഈ മാനം മാറിയിരിക്കുന്നു എന്നു സമർഥിക്കാൻ ഞാൻ വിശുദ്ധ സിപ്രിയനെ ഉദ്ധരിക്കുകയു ണ്ടായി: 'അതിഭയാനകവും മാരകവുമായ ഈ പകർച്ചവ്യാധിയും മഹാമാരിയും ഓരോരുത്തരുടെയും നീതിയെക്കുറിച്ച് അന്വേഷിക്കു കയും മനുഷ്യരാശിയുടെ മനസ്സ് പരിശോധിക്കുകയും ചെയ്യുന്നു; അതായത്, ആരോഗ്യമുള്ളവർ രോഗികളെ പരിചരിക്കുന്നോ എന്നും ബന്ധുക്കൾ ആത്മാർഥമായി പരസ്പരം സ്നേഹിക്കുന്നോ എന്നും യജമാനൻമാർക്ക് തങ്ങളുടെ രോഗികളായ ഭൃത്യരോട് അനുകമ്പ ഉണ്ടോ എന്നും സഹായത്തിനായി കേഴുന്ന രോഗികളെ ഭിഷഗ്വരർ ഉപേക്ഷിക്കുന്നോ എന്നും അറിയാനുള്ള അവസരം' (8).

'ഒന്നായിരിക്കുന്നവനിൽ ഒന്നായിരിക്കുക' എന്നു പറയുന്നതിന്റെ അർഥം നമ്മൾ ഏകശരീരത്തിലെ അംഗങ്ങൾ എന്ന നിലയ്ക്ക്, ഓരോരുത്തരും അവരവരുടെ വിളിയനുസരിച്ച്, കർത്താവിന്റെ അനു കമ്പ സഹനത്തിൽ ആയിരിക്കുന്ന എല്ലാ ആളുകൾക്കും നല്കുന്നു എന്നത് തിരിച്ചറിയുന്നതാണ്(9). മാത്രമല്ല, നമ്മെ അനുകമ്പയിലേക്കു നയിക്കുന്ന വേദന ഒരു അപരിചിതന്റെ വേദനയല്ല; നമ്മുടെതന്നെ ശരീരത്തിലെ ഒരു അവയവത്തിന്റെ വേദനയാണത്; എല്ലാവരുടെയും നന്മയ്ക്കായി അതിനെ പരിചരിക്കാൻ നമ്മുടെ ശിരസായ ക്രിസ്തു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈ അർഥത്തിൽ, നമ്മുടെ ശുശ്രൂഷ ക്രിസ്തുവിന്റെതന്നെ സഹനത്തോടു താദാത്മ്യം പ്രാപിക്കുന്നതായി

മാറുന്നു; അത് ക്രൈസ്തവ ചൈതന്യത്തിൽ അർപ്പിക്കപ്പെടുമ്പോൾ എല്ലാവരുടെയും ഐക്യത്തിനായി പ്രാർഥിച്ച രക്ഷകന്റെ പ്രാർഥന യുടെ സാക്ഷാത്കാരം ത്വരിതപ്പെടുത്തുന്നു (10).

### 3. നമ്മെത്തന്നെയും നമ്മുടെ അയൽക്കാരനെയും കണ്ടുമുട്ടാൻ ദൈവത്തോടുള്ള സ്നേഹത്താൽ എപ്പോഴും പ്രേരിതമായി

'നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർ ണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിന്റെ അയല്ക്കാരനെ നിന്നെപ്പോലെയും' (ലൂക്കാ 10:27) എന്ന ദ്വിവിധ കലപ്നയിൽ നാം ദൈവത്തോടുള്ള സ്നേഹ ത്തിന്റെ പ്രാമുഖ്യവും അതിന്റെ നേരിട്ടുള്ള അനന്തരഫലങ്ങളായ മനുഷ്യസ്നേഹത്തിന്റെയും ബന്ധത്തിന്റെയും ഓരോ തലവും മനസ്സിലാക്കുന്നു. യോഹന്നാൻ അപ്പോസ്തലൻ സാക്ഷ്യപ്പെടുത്തു ന്നതുപോലെ അയൽക്കാരനോടുള്ള സ്നേഹമാണ് ദൈവത്തോ ടുള്ള നമ്മുടെ യഥാർഥ സ്നേഹത്തിന്റെ വ്യക്തമായ തെളിവ്, 'ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ് പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടത്തെ സ്നേ ഹം നമ്മിൽ പരിപൂർണമാകുകയും ചെയ്യും... ദൈവം സ്നേഹമാ ണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനി ലും വസിക്കുന്നു (1 യോഹ 4:12,16)' (11). ദൈവം, അയൽക്കാരൻ, താൻതന്നെ എന്നവിധം ഈ സ്നേഹത്തിന്റെ വിഷയം വ്യത്യസ്തമാ ണെങ്കിലും, അവ സ്നേഹത്തിന്റെ വ്യതിരിക്തമായ പ്രകാശനങ്ങ ളായി മനസ്സിലാക്കപ്പെടാമെങ്കിലും, അടിസ്ഥാനപരമായി അവ വേർതിരിക്കാൻ പറ്റാത്ത രീതിയിലാണ് ആയിരിക്കുന്നത് (12). ദൈവത്തോടുള്ള സ്നേഹത്തിനാണ് പ്രാമുഖ്യം എന്നു പറഞ്ഞാൽ അതിന്റെ അർഥം മനുഷ്യന്റെ പ്രവൃത്തി സ്വന്തം താത്പര്യത്തിനോ പ്രതിഫലത്തിനോവേണ്ടി ചെയ്യപ്പെടുന്നതല്ല; മറിച്ച്, ആചാരവിധി കൾക്കും ഉപരിയായി നില്ക്കുന്ന സ്നേഹത്തിന്റെ പ്രകാശനമായി നടത്തപ്പെടുന്നതും ആധികാരികമായ ആരാധനയിൽ പ്രകടമാക്ക പ്പെടുന്നതും എന്നാണത്രേ. ഒരുവന്റെ അയൽക്കാരനെ ശുശ്രൂഷി ക്കുക എന്ന് പറയുന്നത് ദൈവത്തെ പ്രവൃത്തികളിലൂടെ സ്നേഹി ക്കുക എന്നത്രേ (13).

ഈ കാഴ്ചപ്പാട് സ്വയം സ്നേഹിക്കുക എന്നതിന്റെ ശരിയായ അർഥം

മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. അതിന്റെ അർഥം നമ്മുടെ ആത്മാഭിമാനവും മാഹാത്മ്യത്തെക്കുറിച്ചുള്ള സ്വയാവബോധവും സാധാരണയുള്ള ലോകത്തിന്റേതായസ്ഥിരരൂപങ്ങളിൽ (stereotypes) അടിസ്ഥാനപ്പെടുത്താതിരിക്കുക എന്നതത്രേ; അതായത്, വിജയം, തൊഴിലിലെ സ്ഥാനക്കയററം (career), ജീവിതനിലവാരം (status), കുടുംബപാരമ്പര്യം എന്നിവയാൽ നമ്മെ വിലമതിക്കാതിരിക്കുക; മറിച്ച്, ദൈവത്തിന്റെയും അയൽക്കാരന്റെയും മുമ്പിൽ നമ്മുടെ ശരിയായ സ്ഥാനം നേടിയെടുക്കുക എന്നതാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പാ ഇപ്രകാരം നിരീക്ഷിച്ചു: 'മനുഷ്യൻ എന്ന സൃഷ്ടി ഒരു ആധ്യാത്മിക ജീവിയെന്ന നിലയിൽ വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലൂടെ നിർവചിക്കപ്പെടുന്നു. ഒരു വ്യക്തി എത്ര കൂടുതൽ ആത്മാർഥമായി ഈ ബന്ധങ്ങളിൽ ജീവിക്കുന്നുവോ അത്ര കൂടുതലായി അയാളുടെ വൈയക്തിക തനിമ പക്വത പ്രാപിക്കുന്നു. മനുഷ്യൻ അവന്റെ വില സ്ഥാപിക്കുന്നത് ഒറ്റപ്പെടൽ വഴിയല്ല, പിന്നെയോ മറ്റു മനുഷ്യരോടും ദൈവത്തോടുമുള്ള ബന്ധത്തിൽ സ്വയം പ്രതിഷ്ഠിക്കുന്നതുവഴിയാണ്' (15).

പ്രിയ സഹോദരീസഹോദരന്മാരേ, 'മനുഷ്യരാശിയുടെ മുറിവുകൾക്കുള്ള ശരിയായ പരിഹാരം സഹോദരസ്നേഹത്തിലൂന്നിയ ഒരു ജീവിതശൈലിയാണ്; അതിന്റെ വേരുകൾ ദൈവസ്നേഹത്തിലാണ്' (16). നമ്മുടെ ക്രൈസ്തവ ജീവിതശൈലി എപ്പോഴും ഈ സാഹോദര്യത്തിന്റെ 'സമറായ' ചൈതന്യം (Samaritan spirit) പ്രതിഫലിപ്പിക്കുമെന്നു ഞാൻ ആത്മാർഥമായി പ്രത്യാശിക്കുന്നു - അതായത്, സ്വാഗതംചെയ്യുന്ന, ധൈര്യം അവലംബിക്കുന്ന, പ്രതിജ്ഞാബദ്ധമാകുന്ന, പിന്തുണയ്ക്കുന്ന, ദൈവവുമായുള്ള ഐക്യത്തിലും യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിലും വേരൂന്നിയ തരത്തിലുള്ള ചൈതന്യം. ഈ ദിവ്യസ്നേഹത്താൽ പ്രോജ്വലിക്കപ്പെട്ട് സഹനത്തിൽ ആയിരിക്കുന്ന എല്ലാവരുടെയും നന്മയ്ക്കുവേണ്ടി, ഏറെ പ്രത്യേകിച്ച് രോഗികളും വൃദ്ധരും പീഡിതരുമായ സഹോദരീസഹോദരന്മാർക്കുവേണ്ടി, നിശ്ചയമായും നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാനാകും.

രോഗികളുടെ ആരോഗ്യമായ കന്യകമറിയത്തിലേക്കു നമ്മുടെ പ്രാർഥനകൾ ഉയർത്താം. സഹനത്തിലായിരിക്കുകയും അനുകമ്പയും ആശ്വാസവും ആവശ്യമായുള്ളവരെയും ശ്രവിക്കാൻ

തയ്യാറാകേണ്ടവരെയും സഹായിക്കണമേ എന്നു നമുക്ക് അവളോട് അപേക്ഷിക്കാം. രോഗവും വേദനയുമായി കഴിയുന്നവർക്കുവേണ്ടി കുടുംബങ്ങളിൽ പ്രാർഥിച്ചുവരുന്ന ഈ പുരാതന പ്രാർഥനയിലൂടെ നമുക്ക് അവളുടെ മാധ്യസ്ഥ്യം തേടാം:

മാധുര്യമുള്ള മാതാവേ, എന്നിൽനിന്ന് അകലരുതേ. നിന്റെ കടാക്ഷം എന്നിൽനിന്നു തിരിക്കരുതേ. ഓരോ നിമിഷത്തിലും എന്നോടൊപ്പം നടന്നാലും, എന്നെ ഒരിക്കലും ഒറ്റയ്ക്ക് വിടരുതേ. യഥാർഥ അമ്മ എന്ന നിലയിൽ എന്നെ എപ്പോഴും സംരക്ഷിക്കുന്ന നീ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അനുഗ്രഹം എനിക്കു വാങ്ങിത്തരണമേ.

*2026 ജനുവരി പതിമൂന്നാം തീയതി വത്തിക്കാനിൽ നിന്നു നല്കിയത്.*

**ലിയോ പതിനാലാമൻ പാപ്പാ**

[1] Francis, Encyclical Letter, *Fratelli Tutti* (3 October 2020), 63.
[2] Cf. ibid., 80-82.
[3] Cf. Saint Augustine, Serm. 171, 2; 179/A, 7.
[4] Cf. Benedict XVI, Encyclical Letter, *Deus Caritas Est* (25 December 2005), 34; St. John Paul II, Apostolic Letter, *Salvifici Doloris* (11 February 1984), 28.
[5] Saint Francis of Assisi, The Testament, 2: *Fonti Francescane*, 110.
[6] Saint Ambrose, *Treatise on the Gospel of Saint Luke*, VII, 84.
[7] Francis, Encyclical Letter, *Fratelli Tutti* (3 October 2020), 78.
[8] Saint Cyprian, De mortalitate, 16.
[9] St. John Paul II, Apostolic Letter, *Salvifici Doloris* (11 February 1984), 24.
[10] Cf. ibid., 31.
[11] Apostolic Exhortation, *Dilexi Te* (4 October 2025), 26.
[12] Cf. ibid.
[13] Cf. Francis, Encyclical Letter, *Fratelli Tutti* (3 October 2020), 79.
[14] Cf. ibid., 101.
[15] Benedict XVI, Encyclical Letter, *Caritas in Veritate* (29 June 2009), 53.
[16] Francis, Message to Participants in the 33rd International Youth Festival (MLADIFEST), Medjugorje, 1-6 August 2022 (16 July 2022).



# അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷം

*4177/K-35/KCBC/OL/DS*

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ 800-ാമത് ചരമവാർഷികത്തോട് അനുബന്ധിച്ച് ഒരു സവിശേഷ ജൂബിലി വർഷം പ്രഖ്യാപിക്കപ്പെടുന്നു; അതിനോടുചേർന്ന് സമ്പൂർണ ദണ്ഡവിമോചന സാധ്യതയും.

“നമ്മുടെ പിതാവും സഹോദരനുമായ ഫ്രാൻസിസിന്റെ സ്മരണ നിലനിർത്തുക. അത് അവനെ മനുഷ്യരുടെ ഇടയിൽ ഉന്നതനും മാലാഖമാരുടെ ഇടയിൽ മഹത്ത്വീകൃതനും ആക്കിത്തീർത്തവന്റെ സ്തുതിക്കും മഹത്ത്വത്തിനും ആയിരിക്കട്ടെ. തന്റെ മരണത്തിനു മുമ്പായി അദ്ദേഹം സ്വയം ആവശ്യപ്പെട്ടതനുസരിച്ച് ഫ്രാൻസിസിനു വേണ്ടി നമുക്ക് പ്രാർഥിക്കാം; അവന്റെയും മാധ്യസ്ഥ്യം നമുക്കു അപേക്ഷിക്കാം; അങ്ങനെ ദൈവം തന്റെ പരിശുദ്ധ കൃപ അവനോടൊപ്പം നാമുമായും പങ്കുവയ്ക്കട്ടെ”[1].

2025-ലെ സാധാരണ ജൂബിലി വർഷം അവസാനിച്ചതേയുള്ളു. അതിന്റെ കൃപ നമ്മെ നിരാശരാക്കാത്ത പ്രത്യാശയുടെ (റോമാ 5:5) തീർഥാടകരാകാൻ പ്രചോദിപ്പിച്ചിരിക്കുന്ന ഈ അവസര ത്തിൽ അത് കാലോചിതവും ഫലപ്രദവും ആയിരിക്കേ, അതിനോടു ചേർത്ത് അതിന്റെ തുടർച്ചയായി മാതൃകാപരമായ മറ്റൊരു അവസരംകൂടി സന്തോഷിക്കുന്നതിനും സ്വയം വിശദീകരിക്കുന്നതിനും കൈവന്നിരിക്കുന്നു: ഈ ലോകജീവിതത്തിൽനിന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ സ്വർഗീയ ഭവനത്തിലേക്ക് സന്തോഷപൂർവം കടന്നുപോയതിന്റെ 800-ാമത് വാർഷികം.

സമീപകാലങ്ങളിൽ നടന്ന മറ്റു പ്രധാനപ്പെട്ട ജൂബിലികൾ അസ്സീസിയിലെ വിശുദ്ധന്റെ വ്യക്തിത്വത്തോടും പ്രവർത്തനത്തോടും ബന്ധപ്പെട്ടവയായിരുന്നു: ഗ്രേച്ചോയിൽ അദ്ദേഹം ഒരുക്കിയ ആദ്യത്തെ തിരുപ്പിറവി രംഗം (Nativity scene), സൃഷ്ടിയുടെ പരിശുദ്ധ

സൗന്ദര്യത്തിന്റെ ഗാനമായ "സൃഷ്ടി ഗീതത്തിന്റെ" രചന, തന്റെ മരണത്തിന് രണ്ടുവർഷം മുമ്പ്, പുതിയ കാൽവരി എന്നറിയപ്പെടുന്ന, വെർണ മലയിൽ (Monte della Verna) വച്ച് അദ്ദേഹത്തിന്റെ ശരീരത്തിൽ പഞ്ചക്ഷതങ്ങൾ പതിപ്പിക്കപ്പെട്ടത് എന്നിവയുടെ 800-ാം വാർഷികം. ഇപ്രകാരം മുമ്പുള്ള എല്ലാ ആഘോഷങ്ങളുടെയും ഉച്ചസ്ഥാനവും പരിപൂർത്തിയുമായി 2026 മാറും; അങ്ങനെ അത് യഥാർഥത്തിൽ വിശുദ്ധ ഫ്രാൻസിസിന്റെ വർഷമായിരിക്കും; അതുവഴി നാമെല്ലാവരും ഈ സെറാഫിക് പാത്രിയാർക്കസിന്റെ (Seraphic Patriarch) മാതൃക സ്വീകരിച്ചുകൊണ്ട് ഇന്നത്തെ ലോകത്ത് വിശുദ്ധരായിത്തീരാൻ വിളിക്കപ്പെട്ടവരാകും.

മനുഷ്യരാശിയുടെ രക്ഷകൻ എന്ന നിലയിൽ യേശുക്രിസ്തു അല്ലാതെ "നാം രക്ഷിക്കപ്പെടേണ്ടതിന് ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമമില്ല" (അപ്പ 4:12) എന്നത് ആശ്ചര്യകരമാംവിധം സത്യമാണെങ്കിൽ, തത്തുല്യമായി അനിതര സാധാരണമാംവിധം മറ്റൊരു കാര്യംകൂടി സത്യമാണ്: 12-ഉം 13-ഉം നൂറ്റാണ്ടുകളുടെ ഇടയിൽ, വിശുദ്ധ യുദ്ധങ്ങൾ എന്നു വിളിക്കപ്പെട്ടവ ഉണ്ടായിരുന്ന കാലഘട്ടത്തിൽ, ധാർമിക മൂല്യങ്ങൾക്ക് ഇടിവുണ്ടായിരുന്നപ്പോൾ, മതാത്മക ആവേശം തെറ്റിദ്ധരിക്കപ്പെട്ടിരുന്നപ്പോൾ, "ഒരു സൂര്യൻ ലോകത്തിലേക്ക് പിറന്നു"[2]. : ഫ്രാൻസിസ്, അവൻ ഒരു ധനികനായ വ്യാപാരിയുടെ മകനിൽനിന്ന ദരിദ്രനും വിനീതനും യഥാർഥ പുരാതന ക്രിസ്തുവായി *(true Ancient Christ)* ഭൂമിയിൽ പരിണമിച്ചു; അവൻ ലോകത്തിനു സ്പർശനീയമായ സുവിശേഷാത്മക ജീവിതത്തിന്റെ മാതൃകകളും യഥാർഥ ക്രൈസ്തവ പരിപൂർണതയുടെ ചിത്രവും നല്കി. ഫ്രാൻസിസ് ജീവിച്ചിരുന്ന കാലഘട്ടത്തിൽനിന്ന് വളരെ വ്യത്യസ്തമല്ല നമ്മുടെ കാലഘട്ടവും; ഇന്നത്തെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ പ്രബോധനം ഒരുപക്ഷേ കൂടുതൽ കൃത്യമായി പ്രസക്തവും മനസ്സിലാക്കപ്പെടാവുന്നതുമാണ്. ക്രൈസ്തവ ഉപവി കുറഞ്ഞുവരുന്ന ഇക്കാലത്ത്, അറിവില്ലായ്മ അസാന്മാർഗികത പോലെ വ്യാപിക്കുമ്പോൾ, ജനങ്ങളുടെ ഇടയിൽ ഐക്യം ഉണ്ടാക്കുന്നു എന്നു കരുതുന്നവർ ആത്മാർഥമായ ക്രൈസ്തവ ചൈതന്യത്തിനു വിരുദ്ധമായി സ്വാർഥപരമായ ലക്ഷ്യങ്ങളോടെ പെരുമാറുമ്പോൾ, യഥാർഥമായതിനെ സാങ്കല്പികമായത് കൈയടക്കുമ്പോൾ (when the virtual takes

over the real), ഭിന്നിപ്പുകളും സാമൂഹിക അക്രമവും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ, സമാധാനം ദിവസംതോറും സുരക്ഷിതമല്ലാത്തതും വിദൂരത്തായിരിക്കുന്നതും ആകുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ ഈ വർഷം നമുക്ക് എല്ലാവർക്കും പ്രചോദനമാകണം: ഓരോരുത്തരും അവരവരുടെ സാധ്യതകൾക്കനുസൃതം, അസ്സീസിയിലെ ആ ദരിദ്രനായ മനുഷ്യനെ *(the poor man of Assisi)* അനുകരിക്കാൻ; അങ്ങനെ നമ്മെത്തന്നെ കഴിയുന്നിടത്തോളം ക്രിസ്തുവിന്റെ മാതൃക അനുസരിച്ച് രൂപപ്പെടുത്താൻ; അതുവഴിയായി ഇപ്പോൾ അവസാനിച്ച വിശുദ്ധ വർഷത്തിന്റെ ലക്ഷ്യങ്ങൾ നിരാകരിക്കപ്പെടാതിരിക്കട്ടെ; നമ്മെ തീർഥാടകരായി വീക്ഷിച്ച പ്രത്യാശ ഇപ്പോൾ സജീവ ഉപവിയിൽ തീക്ഷ്ണമതികളായി പരിണമിപ്പിക്കട്ടെ.

"ഇതു ചെയ്യുകവഴിയായി നീ കർത്താവിനെയും അവിടത്തെയും നിന്റെയും ദാസനായ എന്നെയും സ്നേഹിക്കുന്നുവോ എന്നു ഞാൻ അറിയും: അതായത്, നിനക്കെതിരായി ഒരു സഹോദരൻ എത്രമാത്രം പാപം ചെയ്യാമോ അത്രമാത്രം ചെയ്തശേഷം നിന്റെ കണ്ണുകളിലേക്ക് നോക്കി, നിന്റെ കരുണാർദ്രമായ മാപ്പിനായി അപേക്ഷിക്കുന്നെങ്കിൽ നീ അത് നല്കിക്കൊണ്ട് അവനെ പറഞ്ഞുവിടുകയാണെങ്കിൽ"[3].

പ്രസിദ്ധമായ *quendam ministrum* (ഒരു പ്രത്യേക ശുശ്രൂഷകന്) എന്ന ലേഖനത്തിൽ എഴുതപ്പെട്ടിരിക്കുന്ന അനിതരസാധാരണമായ ഈ വാക്കുകളിലൂടെ ഒരുവശത്ത് വിശുദ്ധ ഫ്രാൻസിസ് അജ്ഞാതനായ ഒരു സഹോദരന് ആശ്വാസവും ഉപദേശവും പകരുന്നു; എന്നാൽ, അതിലുപരി അടിസ്ഥാനപരമായ കരുണയുടെ സങ്കല്പത്തിന് ഊന്നൽ നല്കുകയും ചെയ്യുന്നു; മാപ്പുനല്കുന്നതും ദണ്ഡവിമോചനവും പ്രസ്തുത സങ്കല്പത്തോട് അഭേദ്യമാംവിധം ചേർന്നിരിക്കുന്നു. അത് യഥാർഥത്തിൽ ഒരു മാപ്പുനല്കലാണ്; അതായത്, പ്രസിദ്ധമായ "അസ്സീസിയിലെ മാപ്പുനല്കൽ" (Pardon of Assisi) അഥവാ "പോർസിങ്കുളയിലെ ദണ്ഡവിമോചനം". ഹൊണോറിയസ് മൂന്നാമൻ പാപ്പാ പ്രത്യേക ആനുകൂല്യത്താൽ ഫ്രാൻസിസിനു നേരിട്ട് നൽകിയതായിരുന്നു അത്. അതിന്റെ നിബന്ധന, കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും ഓഗസ്റ്റ് രണ്ടാം തീയതി അസ്സീസിക്ക് അടുത്തുള്ള പുരാതന ദേവാലയം സന്ദർശിക്കുക എന്നതുമായിരുന്നു; അത് ഏതാണ്ട് 800 വർഷം മുമ്പ്

ഒരു ചെറിയ സ്ഥലത്ത് (a small portion of land) സ്ഥാപിക്കപ്പെട്ടതായിരുന്നു, അതിനാലാണ് അതിന്റെ നാമം പോർസിങ്കുള (hence the name Porzincula) എന്നായത്.

തന്റെ അപേക്ഷ ക്രിസ്തുവിന്റെ വികാരി സ്വീകരിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ അന്ന് വിശുദ്ധനുണ്ടായ വളരെ വലിയ ചൈതന്യവും ആനന്ദവും, തുടർന്ന് പോർസിങ്കുളയുടെ പ്രതിഷ്ഠാനേരത്ത് അവിടെ കൂടിയിരുന്ന ജനത്തോടു തനിക്കു ലഭിച്ച കൃപയെക്കുറിച്ച് പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ അവ അവരുടെമേൽ പ്രസരിച്ചതു പോലെ, പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പാ, നമ്മുടെ വിശ്വാസത്തിന്റെയും സന്തോഷത്തിന്റെയും ശുശ്രൂഷകൻ എന്ന നിലയിൽ, ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു: 2026 ജനുവരി 10 മുതൽ, അതായത്, ഇപ്പോഴത്തെ സാധാരണ ജൂബിലി ഉപസംഹരിക്കുന്ന വേളയിൽ തന്നെ 2027 ജനുവരി 10 വരെ വിശുദ്ധ ഫ്രാൻസിസിന്റെ പ്രത്യേക വർഷമായിരിക്കും; അങ്ങനെ ഓരോ ക്രിസ്തുവിശ്വാസിയും അസ്സീസിയിലെ വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ജീവിതവിശുദ്ധിയുടെ മാതൃകയും നിരന്തരം സമാധാനത്തിന്റെ സാക്ഷിയും ആയിത്തീരട്ടെ.

ഈ ലക്ഷ്യങ്ങൾ പൂർണമായി പ്രാപിക്കുന്നതിന് അപ്പസ്തോലിക പെനിടെൻഷ്യറി, പരിശുദ്ധ പിതാവിന്റെ ഹിതത്തോട് ചേർന്നുനിന്നുകൊണ്ട്, ഈ ഡിക്രിവഴിയായി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം ആചരിക്കുന്ന വേളയിൽ പൂർണ ദണ്ഡവിമോചനം, സാധാരണയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു; അതായത്, അനുരഞ്ജനകൂദാശയുടെയും ദിവ്യകാരുണ്യത്തിന്റെയും സ്വീകരണം, പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായുള്ള പ്രാർഥന എന്നിവവഴി. അത് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനസഹായം എന്ന രൂപത്തിലും അർപ്പിക്കാവുന്നതാണ്:

1) താഴെപ്പറയുന്ന ഗണങ്ങളിലെ അംഗങ്ങൾക്കുവേണ്ടി:
   ഫ്രാൻസിസ്കൻ കുടുംബത്തിലെ ഒന്നും രണ്ടും മൂന്നും റെഗുലറും സെക്കുലറും ഓർഡറുകൾ,
   സമർപ്പിത സന്യസ്ത സമൂഹങ്ങൾ, അപ്പസ്തോലിക ജീവിത സമൂഹങ്ങൾ, വിശുദ്ധ ഫ്രാൻസിസിന്റെ നിയമം പാലിക്കുകയോ അദ്ദേഹത്തിന്റെ ആധ്യാത്മികതയാൽ പ്രചോദിതരാവുകയോ

മറ്റേതെങ്കിലും തരത്തിൽ അദ്ദേഹത്തിന്റെ വരദാനചൈതന്യം (charism) നിലനിർത്തുകയോ ചെയ്യുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും പരസ്യമോ രഹസ്യമോ ആയ വിശ്വാസികളുടെ സംഘടനകൾ (Public or Private Associations of the Faithful);

2) വ്യത്യാസങ്ങൾ കൂടാതെ എല്ലാ വിശ്വാസികൾക്കുംവേണ്ടി:

ഇപ്രകാരം ദണ്ഡമോചനം ആഗ്രഹിക്കുന്നവർ, പാപത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള താത്പര്യത്തോടെ വിശുദ്ധ ഫ്രാൻസിസിന്റെ വർഷത്തിൽ പങ്കുചേരും. അത് താഴെപ്പറയുന്ന വിധം ആകാം:

ഒരു തീർഥാടനം എന്നവിധം ഒരു ഫ്രാൻസിസ്കൻ സന്യാസഭവന ദേവാലയമോ വിശുദ്ധ ഫ്രാൻസിസിന്റെ നാമധേയത്തിലുള്ള ആരാധനാലയമോ ഏതെങ്കിലും കാരണവശാൽ അദ്ദേഹവുമായി ബന്ധപ്പെടുത്തിയ സ്ഥലമോ സന്ദർശിക്കുന്നതുവഴി: അവിടെ അവർ ഭക്തിപൂർവം ജൂബിലി കർമങ്ങൾ നിർവഹിക്കുകയോ കുറച്ചുസമയം ധ്യാനപൂർവ്വം ചിലവഴിക്കുകയോ ചെയ്യണം. ക്രൈസ്തവ ഉപവിക്ക് ചേർന്നവിധം അയൽക്കാരനുവേണ്ടിയും ജനതകളുടെ ഇടയിൽ പൊരുത്തവും സമാധാനവും പുലരുന്നതിനുവേണ്ടിയുമുള്ള അർഥനകൾ തങ്ങളുടെ ഹൃദയങ്ങളിൽ ഉയർത്തുകയും അവസാനം “സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ”, “വിശ്വാസപ്രമാണം”, “നന്മ നിറഞ്ഞ മറിയമേ” എന്നീ പ്രാർഥനകളും, വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോടും വിശുദ്ധ ക്ലാരയോടും ഫ്രാൻസിസ്കൻ കുടുംബ ത്തിൽപ്പെട്ട ഇതര വിശുദ്ധരോടും പ്രാർഥിക്കുകയും ചെയ്യണം.

വൃദ്ധർക്കും രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും മററ് ഗൗരവമായ കാരണങ്ങളാൽ തങ്ങളുടെ ഭവനങ്ങൾ വിട്ടുപോകാൻ കഴിയാത്തവർക്കും പൂർണ ദണ്ഡവിമോചനം പ്രാപിക്കാനാകും. അതിന് അവരും പാപത്തിൽനിന്ന് ഒഴിഞ്ഞുനിന്നുകൊണ്ട് കഴിയുന്നത്ര മേൽപ്പറഞ്ഞ മൂന്ന് വ്യവസ്ഥകളും പാലിച്ചുകൊണ്ട് ആത്മീയമായി വിശുദ്ധ ഫ്രാൻസിസിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേരുകയും അവരുടെ പ്രാർഥനകളും ജീവിതത്തിലെ വേദനകളും സഹനങ്ങളും കരുണാർദ്രനായ ദൈവത്തിനു കാഴ്ച വയ്ക്കുകയും ചെയ്യണം.

സഭയുടെ താക്കോലുകളുടെ ശക്തിവഴിയായി ദൈവിക കൃപ

ലഭിക്കാനുള്ള ഈ അവസരം വളരെ എളുപ്പം ലഭ്യമാക്കാനായി ഈ പെനിടെൻഷ്യറി ശരിയായ ഫാക്കൽറ്റികളുള്ള സന്യസ്തരും രൂപതാ വൈദികരും ആയവരോട് ശക്തമായി അഭ്യർഥിക്കുന്നു: നിങ്ങളുടെ മുമ്പിൽ അനുരഞ്ജന കൂദാശയ്ക്കായി അണയുന്നവരെ ഉദാര മനസ്കതയോടെയും കരുണാപൂർവവും സ്വാഗതം ചെയ്യാൻ തയ്യാറാകുക. ഈ ഡിക്രി വിശുദ്ധ ഫ്രാൻസിസിന്റെ വർഷം മുഴുവൻ പ്രാബല്യത്തിലുള്ളതാണ്; മറ്റൊരു നിയമവും ഇതിന് വിരുദ്ധമായി നിലനില്ക്കുന്നില്ല.



1. Encyclical Letter of Brother Elias, to all the Provinces of the Order, on the Transitus of Saint Francis, 7 (FF 311).
2. Dante Alighieri, Divine Comedy, Paradise, Xl, 50.
3. Francis of Assisi, Letter to a minister, 7-8 (FF 235)

*റോമായിലെ അപ്പസ്തോലിക പെനിടെൻഷ്യറിയുടെ മന്ദിരത്തിൽ നിന്ന് കർത്താവിന്റെ ജ്ഞാനസ്നാനതിരുനാളിന്റെ തലേന്നാൾ 2026 ജനുവരി പത്താം തീയതി നല്കപ്പെട്ടത്.*

# കച്ചേരിക്കാര്യം



## 1. Appointments

Rev. Fathers:

| | |
|---|---|
| Kadukanmakkel Geo | Asst. Vicar, Paropady |
| Karintholil George | Director, SMART & Vocation Bureau |
| Konukunnel John | Asst. Vicar, Thamarassery |
| Koyipurath Jacob | Acting Vicar, Payyanad |
| Kumpuckal George | Secretary to the Bishop |
| Kuroor Emmanuel | Asst. Vicar, Thottumukkom |
| Malampel Joseph | Asst. Vicar, Thiruvambady |
| Melattu Thomas HGN | Relieved, Thottumukkam |
| Mundackal Chacko | Director, Communication Media |
| Neelamparambil Michael | Asst. Vicar, Kodencherry |
| Pallattu Sebastian | Asst. Vicar, Kodencherry |
| Panthaplackal Joseph | Asst. Vicar, Venappara |
| Perumpampallil Sebastian CMI | Asst. Vicar, Koorachundu |
| Poochalikkalathil Joseph O.Praem | Relieved, Venappara |
| Pothanamuzhiyil Joseph | Asst. Vicar, Pushpagiri |
| Purathoottu Joseph | Asst. Vicar, Marudomkara |
| Thittayil Jacob | Asst. Vicar, Mariyapuram |
| Thottamattathil Sebastian | Asst. Vicar, Koorachundu |
| Thuravakkal Mathew | Asst. Vicar, Pulloorampara |
| Veliyath Kurian | Asst. Vicar, Thiruvambady |
| Vettukallel Joseph | Acting Vicar, Abhayagiri & Paloor |

| | |
|---|---|
| Abraham Kocheelath | Internal Auditor |
| Joseph Chundayil | ,, |
| Antony Karikunnel | KCYM-SMYM Mekhala Director |

### 2. ലോക രോഗീദിനം

ലൂർദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ലോക രോഗീദിനമായി സഭ ആചരിക്കുന്നു. അന്നേദിവസമോ അതിനടുത്ത ദിവസങ്ങളിലോ രോഗികൾക്ക് ആവശ്യാനുസരണം കുമ്പസാരവും വി. കുർബാനയും നൽകുന്നത് ഉചിതമായിരിക്കും.

### 3. തിരുബാലസഖ്യദിനം

ഫെബ്രുവരി 8 ഞായറാഴ്ച തിരുബാല സഖ്യദിനമായി രൂപതയിൽ ആചരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളെ ഈശോയുടെ സ്നേഹത്തിലും സംരക്ഷണത്തിലും കാത്തുസൂക്ഷിക്കാനുള്ള ഒരു വേദിയായി തിരുബാലസഖ്യം ഇടവകകളിൽ പ്രവർത്തിക്കണം. തിരുബാലസഖ്യദിനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർഥിക്കേണ്ടതാണ്.

### 4. വലിയനോമ്പ്, വിഭൂതി

2026 ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച പാതിര മുതൽ ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നു. 16-ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതിത്തിരുനാൾ. അന്നേദിവസം ഉപവാസ ദിവസമാണെന്ന കാര്യം പ്രത്യേകം ദൈവജനത്തെ ഓർമ്മിപ്പിക്കേണ്ടതാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 5. സ്വാഗതം, നന്ദി

താമരശ്ശേരി രൂപതയുടെ അജപാലന ശുശ്രൂഷ മേഖലയിലേക്ക് പുതിയതായി കടന്നുവരുന്ന ബഹു. **ഫാ. പെരുംമ്പാംപള്ളിൽ സെബാസ്റ്റ്യൻ CMI** ക്ക് രൂപതയുടെ വൈദിക കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

തോട്ടുമുക്കം ഇടവകയിലെ സേവനങ്ങൾക്കുശേഷം പുതിയ മേഖലയിലേക്ക് സ്ഥലം മാറിപോകുന്ന ബഹു. **ഫാ. മേലാട്ട് തോമസ് HGN**നും വേനപ്പാറ ഇടവകയിലെ സേവനങ്ങൾക്കുശേഷം സ്ഥലം

മാറിപ്പോകുന്ന ബഹു. **ഫാ. പൂച്ചാലികളത്തിൽ ജോസഫ് O.Praem** നും നന്ദിയും പ്രാർഥനാശംസകളും നേരുന്നു.

### 6. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു. രൂപതാവിഹിതം ഈ വർഷവും ഫൊറോന കേന്ദ്രങ്ങളിൽ വച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2025-26 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

### 7. പ്രസ്ബിറ്ററൽ കൗൺസിൽ

XIII പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒന്നാമത് യോഗം 2026 ഫെബ്രുവരി 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് രൂപതാ ഭവനിൽ വച്ച് ആരംഭിക്കുന്നതാണ്.

### 8. വൈദികരുടെ അലവൻസ് വർദ്ധനവ്

മലബാർ പ്രൊവിൻസിലെ സീറോ മലബാർ ഇന്റർ ഡയസിഷൻ കൂരിയായുടെ തീരുമാനപ്രകാരം നമ്മുടെ രൂപതയിൽ 2026 ജനുവരി മാസം പ്രാബല്യമാകുന്ന രീതിയിൽ വൈദികരുടെ അലവൻസ് 16500 രൂപയായി (ഇൻക്രിമെന്റോടെ) വർദ്ധിപ്പിച്ചിരിക്കുന്നു.

### 9. ആദരാഞ്ജലികൾ

ബഹു. ജെയിംസ് വാമറ്റത്തിൽ അച്ചന്റെ പ്രിയ പിതാവ് **വർക്കി വാമറ്റത്തിൽ (89)** 2026 ജനുവരി 19 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 20-ാം തീയതി പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജെയിംസച്ചനോടും രൂപതാ

കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മ ശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

**10. സ്മരണാഞ്ജലി**

| | | |
|---|---|---|
| 10-02-1987 | - | റവ. ഫാ. തോമസ് മറ്റപ്പള്ളിൽ |
| **11-02-1998** | **-** | **റവ. ഫാ. പോൾ കളപ്പുര** |
| 17-02-1973 | - | റവ. ഫാ. കുര്യൻ പാണ്ടിയാമ്മാക്കൽ |
| 20-02-1983 | - | റവ. ഫാ. മാത്യു മണ്ണൂരാംപറമ്പിൽ |
| 22-02-1960 | - | റവ. ഫാ. പോൾ വെട്ടിക്കാനാകുടി |
| **24-02-2011** | **-** | **റവ. ഫാ. മാത്യു മുതിരചിന്തിയിൽ** |
| 25-02-1981 | - | റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ |
| 25-02-1989 | - | റവ. ഫാ. ദോസിത്തേവൂസ് സി.എം.ഐ |
| 27-02-1998 | - | റവ. ഫാ. ജോസഫ് പുത്തൻപുര |

**പ്രോട്ടോസിഞ്ചെല്ലൂസ്**



**Order No. 453/2025**

# മരിയാപുരം ഫാത്തിമ മാതാ ഫൊറോന പുനഃക്രമീകരണം

കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ
മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ

മരിയാപുരം ഫാത്തിമ മാതാ ഫൊറോന പള്ളി വികാരിയച്ചനും ഫൊറോനയിലെ
വൈദികർക്കും സമർപ്പിതർക്കും ദൈവജനത്തിനും ആശീർവ്വാദം.

1986ൽ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഇടവകകൾ ഉൾപ്പെടുത്തി താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ മലപ്പുറം ജില്ലയിലെ ഇടവകകളെല്ലാം മരിയാപുരം ഫാത്തിമ മാതാ ഫൊറോനയുടെ കീഴിലായിരുന്നു. അജപാലനപ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പും ദൈവജനത്തിന്റെ പ്രായോഗിക സൗകര്യങ്ങളും കണക്കിലെടുത്ത് 2004ൽ കരുവാരക്കുണ്ട് ഹോളി ഫാമിലി ഫൊറോനയും 2012 ൽ മലപ്പുറം സെന്റ് തോമസ് ഫൊറോനയും സ്ഥാപിതമായി. പുതിയ ഫൊറോനകളുടെ രൂപീകരണത്തിനുശേഷം മരിയാപുരം ഫൊറോനയുടെ കീഴിലുണ്ടായിരുന്ന എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി പെരിന്തൽമണ്ണ ഫൊറോന 2012ൽ സ്ഥാപിതമാവുകയും മരിയാപുരത്തിനു കീഴിൽ ഇടവകകൾ ഇല്ലാതെ തന്നെ ഇടവകയ്ക്ക് ഫൊറോന സ്ഥാനം നിലനിറുത്തുകയും മരിയാപുരം ഇടവകയിലെ ദൈവജനത്തിന് ഫൊറോനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അനുവദിക്കാൻ മരിയാപുരം വികാരിക്കു ഫൊറോന വികാരിസ്ഥാനം നല്കുകയും ചെയ്തു. മരിയാപുരം ഇടവകയുടെ നേതൃസ്ഥാനം അംഗീകരിച്ചുകൊണ്ടും മലപ്പുറം ജില്ലയിലെ അജപാലനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടിയും 2013 ൽ മരിയാപുരം ഫൊറോന വികാരിയ്ക്ക് എപ്പിസ്കോപ്പൽ വികാരി എന്ന പദവി നല്കുകയും ചെയ്തു.

രൂപതയുടെ റൂബി ജൂബിലിവർഷത്തിൽ, അജപാലനസംവിധാനങ്ങളെ നവീകരിച്ച് ശ്കതിപ്പെടുത്തുന്നതിന്റെ ഭാഗമായി 2025 ഒക്ടോബർ 15ന് ചേർന്ന വൈദികസമിതിയിൽ ചർച്ച ചെയ്തു തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ, നിലവിൽ പെരിന്തൽമണ്ണ ഫൊറോനയുടെ കീഴിലുള്ള മാലാപറമ്പ്, ചീരട്ടാമല, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ എന്നീ ഇടവകകളെ ഉൾപ്പെടുത്തി 2026 ജനുവരി ഒന്നാം തിയ്യതി ദൈവമാതൃത്വതിരുനാൾ ദിനത്തിൽ പ്രാബല്യത്തിൽ വരുന്നവിധത്തിൽ മരിയാപുരം ഫാത്തിമ മാതാ ഫൊറോന പുനഃക്രമീകരിക്കുന്നു. ഇതോടെ, മരിയാപുരം ഇടവക വികാരിയ്ക്ക് നല്കിയിരുന്ന എപ്പിസ്ക്കോപ്പൽ വികാരി പദവി പിൻവലിക്കുന്നു.

പൗരസ്ത്യകാനൻ നിയമസംഹിതയും സീറോമലബാർസഭയുടെ പ്രത്യേക നിയമങ്ങളും, രൂപതാനിയമാവലിയും അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും ചുമതലകളും ഫൊറോന പള്ളിയ്ക്കും ഫൊറോന വികാരിയ്ക്കും ഉണ്ടായിരിക്കുന്നതാണ്.

ഈ കല്പനയ്ക്ക് വിരുദ്ധമായതൊന്നും നിലനില്ക്കുന്നതല്ല.

2025 ഡിസംബർ 27-ാം തിയ്യതി വി. യോഹന്നാൻ സുവിശേഷകന്റെ തിരുനാൾ ദിവസം താമരശ്ശേരി രൂപതാകാര്യാലയത്തിൽനിന്ന് നല്കപ്പെട്ടത്.

✠ റെമീജിയോസ് ഇഞ്ചനാനിയിൽ
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്
ചാൻസലർ

*കോപ്പികൾ:* പെരിന്തൽമണ്ണ ഫൊറോന, മാലാപറമ്പ്, ചീരട്ടാമല, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ ഇടവക വികാരിമാർക്ക്

**Order No. 454/2025**

# പെരിന്തൽമണ്ണ സെന്റ് അൽഫോൻസ ഫൊറോന പുനഃക്രമീകരണം

കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ

പെരിന്തൽമണ്ണ സെന്റ് അൽഫോൻസ ഫൊറോന പള്ളി വികാരിയച്ചനും ഫൊറോനയിലെ വൈദികർക്കും സമർപ്പിതർക്കും ദൈവജനത്തിനും ആശീർവ്വാദം.

1986 ൽ രൂപീകൃതമായ താമരശ്ശേരി രൂപതയുടെ മലപ്പുറം ജില്ലയിലുള്ള ഇടവകകളെല്ലാം മരിയാപുരം ഫാത്തിമ മാതാ ഫൊറോനയുടെ കീഴിലായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ കരുവാരക്കുണ്ട്, മലപ്പുറം ഫൊറോനകൾ സ്ഥാപിതമാകുകയും അതിനുശേഷം മരിയാപുരം ഫൊറോനയുടെ കീഴിലുണ്ടായിരുന്ന എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി 2012 ൽ പെരിന്തൽമണ്ണ ഫൊറോന സ്ഥാപിക്കുകയും ചെയ്തു.

രൂപതയുടെ റൂബി ജൂബിലി വർഷത്തോടനുബന്ധിച്ച് അജപാലനസംവിധാനങ്ങളെ നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 2025 ഒക്ടോബർ 15ന് ചേർന്ന വൈദികസമിതിയിൽ ചർച്ച ചെയ്തു തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ, നിലവിൽ പെരിന്തൽമണ്ണ ഫൊറോനയ്ക്കു കീഴിലുള്ള മാലാപറമ്പ്, ചീരട്ടാമല, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ എന്നീ ഇടവകകളെ ഉൾപ്പെടുത്തി മരിയാപുരം ഫൊറോന പുനഃക്രമീകരിച്ച സാഹചര്യത്തിൽ താഴേക്കോട്, പൊന്ന്യാംകുറിശ്ശി, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം എന്നീ ഇടവകകളെ ഉൾപ്പെടുത്തി 2026 ജനുവരി ഒന്നിന് ദൈവമാതൃത്വതിരുനാൾ ദിനത്തിൽ പ്രാബല്യത്തിൽ വരുന്നവിധത്തിൽ പെരിന്തൽമണ്ണ ഫൊറോന ഇതിനാൽ പുനഃക്രമീകരിക്കുന്നു.

പൗരസ്ത്യകാനൻ നിയമസംഹിതയും സീറോമലബാർസഭയുടെ പ്രത്യേക നിയമങ്ങളും, രൂപതാനിയമാവലിയും അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും ചുമതലകളും ഫൊറോന പള്ളിയ്ക്കും ഫൊറോന വികാരിയ്ക്കും ഉണ്ടായിരിക്കുന്നതാണ്.

ഈ കല്പനയ്ക്ക് വിരുദ്ധമായതൊന്നും നിലനില്ക്കുന്നതല്ല.

2025 ഡിസംബർ 27-ാം തിയ്യതി വി. യോഹന്നാൻ സുവിശേഷകന്റെ തിരുനാൾ ദിവസം താമരശ്ശേരി രൂപതാകാര്യാലയത്തിൽനിന്ന് നല്കപ്പെട്ടത്.

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL * BISHOP OF THAMARASSERY *

ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്
ചാൻസലർ

*കോപ്പികൾ:* മരിയാപുരം ഫൊറോന, താഴേക്കോട്, പൊന്ന്യാംകുറിശ്ശി, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം ഇടവക വികാരിമാർക്ക്.

# ആദരാഞ്ജലികൾ

**സി. ജോസിറ്റ സി.എം.സി**



പാലാ രൂപതയിൽ കടപ്ലാമറ്റം ഇടവകയിൽ പെണ്ണാപറമ്പിൽ മത്തായി -അന്നമ്മ ദമ്പതികളുടെ 8 മക്കളിൽ നാലാമത്തെ മകളായി 1947 ഡിസംബർ 25 ന് സി. ജോസിറ്റ ഭൂജാതയായി. 1948 ൽ സിസ്റ്ററിന്റെ കുടുംബം താമരശ്ശേരി രൂപതയിലെ കൂടരഞ്ഞി ഇടവകയിലേക്ക് കുടിയേറി പാർത്തു. കൂടരഞ്ഞി, തിരുവമ്പാടി സ്കൂളുകളിൽ നിന്നായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ സി. ജോസിറ്റ 1964ൽ എസ്.എസ്.എൽ.സി പാസായ ശേഷം കൂടരഞ്ഞി മഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസ പരിശീലനത്തിനുശേഷം 1966 ൽ ആദ്യവ്രതവാഗ്ദാനവും 1972ൽ നിത്യവ്രതവാഗ്ദാനവും നടത്തി ദിവ്യനാഥന്റെ സ്വന്തമായിതീർന്നു. നടവയൽ, പാലാവയൽ, നെല്ലിക്കാംപൊയിൽ, പുലിക്കുരുമ്പ, തിരുവമ്പാടി, കീഴ്പ്പള്ളി, പേരാവൂർ, ചെമ്പേരി കൂടരഞ്ഞി എന്നീ സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുള്ള സി. ജോസിറ്റ വിദ്യാഭ്യാസത്തെ വിശുദ്ധശുശ്രൂഷയായി കണ്ടു ആഴമായ വായനയും പഠനവും ജീവിതത്തിന്റെ ഭാഗമായിരുന്ന സിസ്റ്ററിന്റെ ലേഖനങ്ങളും എഴുത്തുകളും അനേകരെ പ്രബുദ്ധരാക്കിയിട്ടുണ്ട്. പാവപ്പെട്ടവരെയും രോഗികളെയും ഹൃദയത്തിലേറ്റുവാങ്ങിയ ജോസിറ്റാമ്മ ഭവന സന്ദർശനത്തിലൂടെ അനേകരെ ശ്രവിക്കാനും സാന്ത്വനമേകാനും ശ്രദ്ധിച്ചിരുന്നു. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ പ്രാർഥനയിൽ ചെലവഴിച്ച സിസ്റ്ററിന്റെ പ്രാർഥനാ സഹായത്തിനു വേണ്ടി സഹാധ്യാപകരും ശിഷ്യസമൂഹവും സന്ദർശിച്ചിരുന്നു. 78 വർഷത്തെ ഇഹലോകവാസത്തിനുശേഷം 2026 ജനുവരി 6 ന് സി. ജോസിറ്റയുടെ പാവനാത്മാവ് നിത്യസമ്മാനത്തിനായി പറന്നുയർന്നു. ജോസിറ്റാമ്മയുടെ പാവന സ്മരണയ്ക്ക് മുമ്പിൽ സ്നേഹപ്രണാമം അർപ്പിക്കുന്നു.

# സീറോ മലബാർ സമുദായ ശക്തികരണ വർഷം 2026

## സംഘടനാ സമിതികൾ

***രൂപതാതലം:*** മോൺ. അബ്രാഹം വയലിൽ (കൺവീനർ), ഫാ. മാത്യു തൂമുള്ളിൽ (ഡയറക്ടർ), ഫാ. വിൻസെന്റ് കണ്ടത്തിൽ, ഫാ. മാത്യു കുളത്തിങ്കൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ (അംഗങ്ങൾ), ഡോ. ചാക്കോ കാളംപറമ്പിൽ, ബെന്നി ലൂക്കോസ് മുഴിക്കുഴിയിൽ (സെക്രട്ടറിമാർ).
***ഫൊറോനതലം:*** ഫൊറോന വികാരി (കൺവീനർ), അസി. വികാരി (ഡയറക്ടർ), ഫൊറോന കുടുംബക്കൂട്ടായ്മ പ്രസിഡന്റ് (സെക്രട്ടറി).
***ഇടവകതലം:*** വികാരിയച്ചൻ (ഡയറക്ടർ), പാരിഷ് സെക്രട്ടറി (സെക്രട്ടറി), പാരിഷ് കൗൺസിൽ അംഗങ്ങൾ, സംഘടന പ്രസിഡന്റുമാർ, സന്യാസ ഭവന സുപ്പീരിയർമാർ.

## പരിശീലനവും ബോധവൽക്കരണവും

ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കുടുംബക്കൂട്ടായ്മകളിൽ സമുദായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും. ബോധ വൽക്കരണം നടത്തുന്നതിനായി ഓരോ ഇടവകയിൽ നിന്നും (100 കുടുംബങ്ങൾക്ക് ഒരാൾ എന്ന ക്രമത്തിൽ) പ്രതിനിധികളെ തിരഞ്ഞെടുത്തു. പ്രതിനിധികൾക്ക് ജനുവരി 28 മുതൽ ഫൊറോന തലത്തിൽ പരിശീലനം നൽകിവരുന്നു.

## ഹെൽപ്പ് ഡെസ്ക്

ഹെൽപ്പ് ഡെസ്ക് ഓരോ ഇടവകയിലും രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സർക്കാർ സംബന്ധമായ ക്ഷേമ പദ്ധതികൾ സംബന്ധിക്കുന്ന അറിയിപ്പ്, EWS സംവരണം സംബന്ധിച്ച സഹായങ്ങൾ, ജോലി സംബന്ധമായ അറിയിപ്പ് മുത ലായവ സമയബന്ധിതമായി അർഹതപ്പെട്ടവരിലേക്ക് എത്തിക്കുവാൻ ആണ് ഹെൽപ്പ്ഡെസ്ക് ആരംഭിച്ചിരിക്കുന്നത്.

**പ്രോട്ടോസിഞ്ചെല്ലൂസ്**

# റൂബി ജൂബിലി

റൂബി ജൂബിലിയുടെ ഭാഗമായി ഫെബ്രുവരി ആതുരശുശ്രൂഷ മാസമായി ആചരിക്കുന്നു.

1. താമരശ്ശേരി രൂപതയിൽ പ്രവർത്തിക്കുന്ന അൽഫോൻസാ പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തകരുടെ രൂപതാ സമ്മേളനം ഫെബ്രുവരി 23, തിങ്കളാഴ്ച, 9.30 am to 1.30 pm ന് താമരശ്ശേരിയിൽ സംഘടിപ്പിക്കുന്നു.
2. ആദ്യകാല പാലിയേറ്റീവ് & ജെറിയാട്രിക് പ്രവർത്തകരെ ഫെബ്രുവരി 23, തിങ്കളാഴ്ച, താമരശ്ശേരിയിൽ വെച്ച് രൂപതാ തലത്തിൽ ആദരിക്കുന്നു.
3. പാലിയേറ്റീവ് & ജെറിയാട്രിക് പ്രവർത്തകർക്ക് തുടർ പരിശീലന ക്ലാസുകൾ ഫെബ്രുവരി മാസത്തിൽ സംഘടിപ്പിക്കുന്നു.
4. രൂപതാ പാലിയേറ്റീവ് & ജെറിയാട്രിക് നേതൃസമിതി ഇടവകകളിലെ പാലിയേറ്റീവ് യൂണിറ്റുകൾ സന്ദർശിക്കുകയും, യൂണിറ്റുകൾ ഇല്ലാത്തിടത്ത് യൂണിറ്റുകൾ ആരംഭിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഫെബ്രുവരി മാസം നടത്തുകയും ചെയ്യുന്നു.
5. പ്ലസ് വൺ & പ്ലസ്ടു വിദ്യാർഥികൾക്ക് പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് ലഭിക്കാൻ സ്കൂളുകൾ തോറും അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും, പരിശീലനം നൽകുകയും ചെയ്യുന്നു. ഫെബ്രുവരി മാസം 1 മുതൽ ഇത് നടപ്പിലാക്കുന്നു.
6. സാമൂഹിക മാധ്യമങ്ങൾ വഴി പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തനങ്ങളുടെ ആവശ്യകത, പ്രവർത്തന മേഖലകൾ, വിവിധതരം അറിവുകൾ എന്നിവയെകുറിച്ചുള്ള ബോധവൽ

ക്കരണം പൊതുസമൂഹത്തിന് നൽകാൻ ആവശ്യമായ സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകൾക്ക് ഫെബ്രുവരി 23, തിങ്കളാഴ്ച ആരംഭം കുറിക്കുന്നു.

7. ഇടവക തലങ്ങളിൽ ഫെബ്രുവരി മാസത്തിൽ വയോജന സംഗമങ്ങൾ ഇടവകയിലെ ആതുര ശുശ്രൂഷകരോടൊപ്പം നടത്തുന്നു.

8. പാലിയേറ്റീവ് & ജെറിയാട്രിക് കെയർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് പൊതുസമൂഹത്തിൽ നിന്നും ഇടവകകളി നിന്നും ശേഖരിക്കുവാൻ ഫെബ്രുവരി മാസം 1 മുതൽ തുടക്കമിടുന്നു.

**ഫാ. ജോൺ ഒറവുങ്കര**
ജനറൽ കൺവീനർ, റൂബി ജൂബിലി

# ബൈബിൾ അപ്പസ്തോലേറ്റ്

***ഡെയലി ബ്രഡ്* 2026**

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ *ഡെയലി ബ്രഡ് 2026* എന്ന പേരിൽ വാട്സ്ആപ്പ് കൂട്ടായ്മ ആരംഭിച്ചു. 2026 ജനുവരി 1 ന് ആരംഭിച്ച ഈ കൂട്ടായ്മയിൽ ഇതുവരെ 349 പേർ അംഗങ്ങളായി ട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ഒരു ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുകയും ചെയ്യുന്നു. വചനവായനയിലൂടെ ദൈവസ്വരം കേൾക്കാനും ദൈവത്തിന്റെ കണ്ണുകളിലൂടെ നമ്മുടെ ജീവിതത്തെ നോക്കി ക്കാണാനും ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ മുഴുവൻ വായിക്കുന്നതുവഴി ഏവർക്കും സാധിക്കട്ടെ.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# വിശ്വാസപരിശീലനം

## Sunday School Visit

ജനുവരി 4 ഞായറാഴ്ച വയലട ഇടവകയിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. വി. ബലിയർപ്പിച്ച് പ്രാർഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും, മതാധ്യാപകരെ കണ്ട് മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## പ്രധാനാധ്യാപക സംഗമം

ഈ വർഷത്തെ ഒന്നാമത്തെ പ്രധാനാധ്യാപക സംഗമം 2026 ജനുവരി 17 ശനിയാഴ്ച ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യക്ഷം വഹിച്ച സംഗമത്തിൽ 120 പ്രധാനാധ്യാപകർ പങ്കെടുത്തു. താമരശ്ശേരി രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോർജ് മുണ്ടനാട്ട് പ്രധാനാധ്യാപകരെ അവരുടെ ദൗത്യത്തെകുറിച്ച് ബോധ്യപ്പെടുത്തി ക്ലാസ്സുകൾ എടുത്തു. HCC പരീക്ഷയുടെ നടത്തിപ്പിനെകുറിച്ച് പ്രധാനാധ്യാപകർക്ക് കൃത്യമായി നിർദേശങ്ങൾ നൽകുകയും പ്രൊമോഷൻ റിപ്പോർട്ടുകൾ പ്രധാനാധ്യാപകർക്ക് കൈമാറുകയും മേഖലാടിസ്ഥാനത്തിൽ പ്രധാനാധ്യാപകർ ഒരുമിച്ചുകൂടി ഗ്രൂപ്പ് ചർച്ച നടത്തുകയും ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിക്കുകയും ചെയ്തു.

## DOMUS CAT കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാപ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം.

പാഠം 30 – മാതാപിതാക്കൾ വിശ്വാസത്തിൽ സമ്പന്നരാക്കുക
പാഠം 31 – കുടുംബം നല്ല നിലമാകണം

പാഠം 32 – മാതാപിതാക്കൾ കുട്ടികൾ വായിക്കുന്ന സുവിശേഷമാണ്
പാഠം 33 – ദൈവത്തിന്റെ മക്കളെ എന്നപോലെ വളർത്തുക

## HCC യൂണിവേഴ്സിറ്റി പരീക്ഷകൾ

+1, +2 പരീക്ഷകൾ 2026 ജനുവരി 26 തിങ്കളാഴ്ച മേഖലകളിലെ വിവിധ സെന്ററുകളിൽ നടന്നു. 2619 കുട്ടികൾ വിവിധ സെന്ററുകളിൽ യൂണിവേഴ്സിറ്റി പരീക്ഷയും, 90 കുട്ടികൾ ഡിപ്ലോമ സർട്ടിഫിക്കറ്റിനുവേണ്ടി പരീക്ഷകൾ എഴുതി. പരീക്ഷയുടെ സുതാര്യമായ നടത്തിപ്പിനുവേണ്ടി രൂപതയിൽ നിന്ന് നിരീഷകർ കേന്ദ്രങ്ങളിലേക്ക് പോയിരുന്നു.

## ACC 13,14,15 Online Class

**ACC 13:** 'കേരള സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ' എന്ന വിഷയത്തെകുറിച്ച് ഫാ. തോമസ് പാറൻകുളങ്ങരയും 'വിശ്വാസത്തെ വെല്ലുവിളിക്കുന്ന വിഘടിത വിഭാഗങ്ങൾ' എന്ന വിഷയത്തെകുറിച്ച് ഫാ. മെൽവിൻ വെള്ളക്കാകുടിയും ക്ലാസ്സുകൾ എടുത്തു.

**ACC 14:** 'മറിയത്തോടുള്ള ഭക്താനുഷ്ഠാനങ്ങൾ' എന്ന വിഷയത്തെകുറിച്ച് സി. ഡോ. രമ്യ സിഎംസിയും 'മാതാപിതാക്കളോടുള്ള കടമകൾ' എന്ന വിഷയത്തെകുറിച്ച് സി. ഡെൽസി എംഎസ്എംഐയും ക്ലാസ്സുകൾ എടുത്തു.

**ACC 15:** 'ശുദ്ധീകരണസ്ഥലം മരിച്ചവരുടെ പുനരുത്ഥാനം പുതിയ നിയമത്തിൽ' എന്ന വിഷയങ്ങളെകുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

**ACC 13, 14, 15** ന്റെ Online ക്ലാസ്സുകൾ, Faith Step, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

**Faith Step:** വിവിധ ഇടവകകളിൽ വിശ്വാസപരിശീലന മേഖലയിൽ പുതിയതായി തുടങ്ങിയ ചുവടുവയ്പ്പുകളെ പ്രധാനാധ്യാപകർ പരിചയപ്പെടുത്തുന്നതിന്റെ 10–ാം എപ്പിസോഡ് യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു. വയലട ഇടവക പ്രധാനാധ്യാപകൻ ജോബി ഒറ്റപ്ലാക്കൽ ഇടവകയിൽ ചെയ്യുന്ന പുതിയ പ്രവർത്തനങ്ങൾ Faith Step ലൂടെ അവതരിപ്പിച്ചു.

### ഫെബ്രുവരി 2026

| | | |
|---|---|---|
| 01-02-26 ഞായർ | - | ദനഹാക്കാലം 4-ാം ഞായർ<br>HCC വാർഷിക പരീക്ഷയുടെ മൂല്യനിർണയം മേഖലയിൽ നടത്തുന്നു. |
| 02-02-26 തിങ്കൾ | - | HCC ഉത്തരക്കടലാസുകൾ മതബോധന ഓഫീസിൽ ഏൽപിക്കുന്നു |
| 08-02-26 ഞായർ | - | ദനഹാക്കാലം 5-ാം ഞായർ<br>HCC 13, 14, 15 Online Class -17 |
| 11-02-26 ബുധൻ | - | HCC പരീക്ഷാഫലം |
| 14-02-26 ശനി | - | HCC റീ വാലുവേഷൻ സ്വീകരിക്കുന്ന അവസാന തീയതി |
| 15-02-26 ഞായർ | - | നോമ്പുകാലം 1-ാം ഞായർ |
| 16-02-26 തിങ്കൾ | - | വിഭൂതി (ഉപവാസദിനം) |
| 22-02-26 ഞായർ | - | നോമ്പുകാലം 2-ാം ഞായർ<br>HCC സേ പരീക്ഷ (11 AM - 01 PM, മേഖലയിൽ)<br>ACC 13, 14, 15 Online Class - 18 |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# സെമിനാരി വാർത്തകൾ

### മൂന്നാം സെമസ്റ്റർ

ക്രിസ്തുമസ് അവധിക്ക് ശേഷം സെമിനാരി വിദ്യാർഥികൾ ജനുവരി നാലിന് ഉച്ചയ്ക്ക് മൂന്ന് മണിയോടെ സെമിനാരിയിൽ തിരിച്ചെത്തി. അന്നേദിനം സായാഹ്നത്തിൽ സെമിനാരി വിദ്യാർഥികളും വൈദികരും തങ്ങളുടെ അവധിക്കാല അനുഭവങ്ങൾ പങ്കുവെച്ചു.

### ദനഹ തിരുനാൾ ആഘോഷം

ജനുവരി അഞ്ചിന് വൈകുന്നേരം ആഘോഷമായി റംശയ്ക്ക് ശേഷം

സെമിനാരിയിലെ വൈദികരും വിദ്യാർഥികളും ഈശോയുടെ ദനഹയെ സൂചിപ്പിച്ചുകൊണ്ട് പിണ്ടികുത്തി തിരുനാൾ ആഘോഷിച്ചു.

## നവ വൈദികരുടെ സംഗമം

ജനുവരി അഞ്ചിന് താമരശ്ശേരി രൂപതയിലെ നവവൈദികർ സെമിനാരിയിൽ ഒത്തുചേർന്നു. നവവൈദികരുടെ സംഗമത്തിൽ, അവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേർന്നു. ജനുവരി ആറിന് രാവിലെ നവവൈദികർ ഏഴുപേരും ചേർന്ന് ആഘോഷമായി വിശുദ്ധ കുർബാന അർപ്പിക്കുകയും പ്രഭാത ഭക്ഷണത്തോടെ ഈ സംഗമം സമാപിക്കുകയും ചെയ്തു.

## അതിഥികളുടെ സന്ദർശനം

ജനുവരി 11 ന് നെതർലന്റ്സിലെ റോർമണ്ട് രൂപതാധ്യക്ഷൻ മോസ്റ്റ് റവ. റോൺ ഹെന്റൺ ഹൗട്ടും റോർമണ്ട് രൂപത മേജർ സെമിനാരി റെക്ടർ ഡോ. ലാംബെറി ഹെൻട്രിക്സും സെമിനാരി സന്ദർശിക്കുകയും വിദ്യാർഥികളുമായി സമയം ചിലവഴിക്കുകയും ചെയ്തു.

ജനുവരി 13 ന് നെതർലാൻഡിൽ ശുശ്രൂഷ ചെയ്യുന്ന ഫാ. ജോർജ് ഡോളർ സെമിനാരി സന്ദർശിച്ചു. നെതർലന്റിൽ സേവന മനുഷ്ഠിക്കുന്ന താമരശ്ശേരി രൂപതാംഗങ്ങളായ ഫാ. സബിൻ കൊട്ടാരത്തിൽ ഫാ. ജീൻസ് ആനിക്കുടി എന്നിവർ അദ്ദേഹത്തോടൊപ്പം സെമിനാരി സന്ദർശനത്തിൽ പങ്കുചേർന്നു.

ജർമ്മനിയിൽ സേവനമനുഷ്ഠിക്കുന്ന താമരശ്ശേരി രൂപത വൈദികനായ ഫാ. ഫ്രാൻസിസ് കവിയിലിന്റെ നേതൃത്വത്തിൽ ജർമ്മനിയിലെ അദ്ദേഹത്തിന്റെ ഇടവകയിൽ നിന്നും മുപ്പതോളം അല്മായർ ജനുവരി 18 ന് സെമിനാരി സന്ദർശിക്കുകയും വിദ്യാർഥികളുമായി സംവദിക്കുകയും ചെയ്തു.

## കയ്യെഴുത്ത് മെച്ചപ്പെടാനുള്ള ക്ലാസ്

സെമിനാരി വിദ്യാർഥികൾക്ക് തങ്ങളുടെ പരിശീലനത്തിന്റെ ഭാഗമായി മെച്ചപ്പെട്ട കൈയെഴുത്ത് രൂപപ്പെടുത്തുന്നതിനായി ബഹു. ഷാജി താന്നിവേലിയുടെ നേതൃത്വത്തിൽ ക്ലാസ് സംഘടിപ്പിച്ചു.

**ഫാ. കുര്യൻ താന്നിക്കൽ**

റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## മേഖലാ തെരഞ്ഞെടുപ്പ്

മരിയാപുരം മേഖലയിൽ പുതിയ മേഖല സമിതിയുടെ തെരഞ്ഞെടുപ്പ് നടത്തി.

| | |
|---|---|
| VICE DIRECTOR | SR. LIBIN THERES S.H. |
| PRESIDENT | JINTO THAKIDIYEL |
| VICE PRESIDENT | LEENA KANIKADAN |
| SECRETARY | BINU CHAKKUMKAL |
| JOINT SECRETARY | ALPHY NELLIKKAPARAMBIL |
| ORGANISERS | JANEETTA KATTIKANAYIL |
| | VINCY NEDUMPARAMBIL |

## പ്രേഷിത കൂടാരവും ശാഖാ സന്ദർശനവും

ജനുവരി മാസത്തിൽ പനംപ്ലാവ്, മാലാപറമ്പ് ശാഖകളിൽ ശാഖ സന്ദർശനം നടത്തുകയും പ്രേഷിത കൂടാരം പരിപാടി സംഘടിപ്പിക്കുകയും ചെയ്തു.

## വിവിധ മത്സര വിജയികൾ

*തിരുക്കുടുംബത്തോടൊപ്പം ഒരു സെൽഫി – മത്സര വിജയികൾ*

Ist എസ്രാ എലിസബത്ത് കുന്നത്തുപൊതിയിൽ വലിയ കൊല്ലി

IInd ദേവസ്യ പൂവ്വത്താനത്ത് ചക്കിട്ടപാറ; സേറാ മരിയ, വിലങ്ങാട്

IIIrd അൻവിത; അതുൽ, താമരശ്ശേരി; അബിൻ, കട്ടിപ്പാറ

*ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം*

Ist തിരുവമ്പാടി ശാഖ

IInd മാലാപറമ്പ് ശാഖ & വാളൂക്ക് ശാഖ

IIIrd തലയാട് ശാഖ & തോട്ടുമുക്കം ശാഖ

## അറിയിപ്പുകൾ

ചെറുപുഷ്പ മിഷൻലീഗും ബഥാനിയ റിട്രീറ്റ് സെന്ററും തിരുബാല സഖ്യവും ചേർന്നൊരുക്കുന്ന എയ്ഞ്ചൽസ് ധ്യാനം (ഈ വർഷം ആദ്യകുർബാന സ്വീകരണത്തിന് വേണ്ടി ഒരുങ്ങുന്നവർക്കും, ആദ്യകുർബാന സ്വീകരിച്ചവർക്കും).

2026 ഏപ്രിൽ 13 തിങ്കൾ 4 PM to 2026 ഏപ്രിൽ 15 ബുധൻ 4 PM

സ്ഥലം: ബഥാനിയ റിട്രീറ്റ് സെന്റർ പുല്ലൂരാംപാറ. രജിസ്ട്രേഷൻ ഫീസ് - 600/. ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 മാർച്ച് 25 ന് മുമ്പായി 200/രൂപ അടച്ചു ബുക്ക് ചെയ്യേണ്ടതാണ്. Google Pay 7902510633.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

# കെ.സി.വൈ.എം. - എസ്.എം.വൈ.എം.

## ഹൃദ്യം

പ്രത്യാശയുടെ വർഷത്തിൽ ആരോരുമില്ലാത്ത പാവപ്പെട്ടവർക്ക് ഒപ്പം എന്ന ആശയവുമായി തുടങ്ങിയ അഗതിമന്ദിരങ്ങളുടെ സന്ദർശനം മരുതോങ്കര മേഖലയുടെ നേതൃത്വത്തിൽ നടന്നു. ഡിസംബർ 27 ന് മേഖലാ പ്രസിഡന്റ് ആൽബിൻ സാബുവിന്റെ നേതൃത്വത്തിൽ കൂരാച്ചുണ്ട് സെന്റ് ജോസഫ് ഓൾഡേജ് ഹോം സന്ദർശിക്കുകയും അവരോടൊപ്പം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേരുകയും വേണ്ട സാമ്പത്തിക സഹായം നൽകുകയും ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ടിൽജോ പാറത്തോട്ടത്തിൽ, മേഖലാ ആനിമേറ്റർ സി. ക്ലാരിസ് MSMI, വൈസ് പ്രസിഡണ്ട് സാനിയ

മാത്യു, രൂപതാ ഭാരവാഹികളായ അബിൻ, ബിൽഹ എന്നിവർ സന്നിഹിതരായിരുന്നു.

## മേഖലാ വാർഷിക സെനറ്റ്

2025 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും 2026 വർഷത്തിലേക്ക് പുതിയ നേതൃത്വത്തെ തെരഞ്ഞെടുക്കാനും പാറോപ്പടി, കോടഞ്ചേരി മേഖലകളിൽ വാർഷിക സെനറ്റ് സംഘടിപ്പിച്ചു. ഡിസംബർ 28 ഞായറാഴ്ച പാറോപ്പടി മേഖലയിൽ സെന്റ് ജോസഫ് പള്ളി മാങ്കാവിലും കോടഞ്ചേരി മേഖലയിൽ സെന്റ് മേരീസ് ഫൊറോന പള്ളി കോടഞ്ചേരിയിലും വച്ച് സെനറ്റ് നടന്നു.

## കെ.സി.വൈ.എം.- എസ്.എം.വൈ.എം. താമരശ്ശേരി രൂപതയ്ക്ക് പുതിയ നേതൃത്വം:

താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. എസ്.എം.വൈ.എം.ന് 2026 വർഷത്തെ പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. രൂപതാ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ആയി കോടഞ്ചേരി യൂണിറ്റ് അംഗം ആൽബിൻ ജോസ് കാക്കനാട് തെരഞ്ഞെടുക്കപ്പെട്ടു. കുണ്ടുതോട് യൂണിറ്റ് അംഗം അബിൻ ആൻഡ്രൂസ് വെമ്പാല ആണ് പുതിയ ജനറൽ സെക്രട്ടറി. താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ ജനുവരി 10ന് നടന്ന വാർഷിക സെനറ്റിനോടാനുബന്ധിച്ച് നടത്തപ്പെട്ട തിരഞ്ഞെടുപ്പിലാണ് പുതിയ നേതൃത്വത്തെ തെരഞ്ഞെടുത്തത്. താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് റിച്ചാഡ് ജോൺ അധ്യക്ഷനും, രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കര മറ്റത്തിൽ, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്, അഭിലാഷ് കുടിപ്പാറ, വൈസ് പ്രസിഡന്റ് ബോണി സണ്ണി എന്നിവർ സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് രൂപതയിലെ 11 മേഖലകളുടെയും വാർഷിക റിപ്പോർട്ട് അവതരണം നടത്തപ്പെട്ടു. സംഘടന ചർച്ചയും ആലോചനകളും ഇതോടൊപ്പം നടത്തപ്പെട്ടു. 2025 വർഷത്തെ നേതാക്കളെ ആദരിക്കുകയും ചെയ്തു. തുടർന്ന് നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ വിവിധ സ്ഥാനങ്ങളിലേക്കായി നേതാക്കന്മാർ തെരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ്: | ആൽബിൻ ജോസ്, കോടഞ്ചേരി |
| സെക്രട്ടറി: | അബിൻ ആൻഡ്രൂസ്, കുണ്ടുതോട് |
| വൈസ് പ്രസിഡന്റുമാർ: | ബോണി സണ്ണി, കണ്ണോത്ത്<br>ബിൽഹ മാത്യു, കുണ്ടുതോട് |
| സെക്രട്ടറിമാർ: | അനീഷ് കെ. ജോസ്, വേനപ്പാറ<br>ആൻസിൽ തോമസ്, കണ്ണോത്ത് |
| ട്രഷറർ: | അഖിൽ ജോസഫ്, പാലൂർകോട്ട |
| സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർമാർ: | റിച്ചാഡ് ജോൺ, പൂഴിത്തോട്<br>ആഗി മരിയ ജോസഫ്, മലപ്പുറം |
| സ്റ്റേറ്റ് സെനറ്റ് മെമ്പർമാർ: | അലൻ ബിജു, പനംപിലാവ്<br>അലോണ ജോൺസൺ, കൂരാച്ചുണ്ട് |
| എസ്എംവൈഎം കൗൺസിലർമാർ: | ഡെൽബിൻ സെബാസ്റ്റ്യൻ, പുതുപ്പാടി<br>അഞ്ജലി റോയ്, കുന്ദമംഗലം |

എക്സിക്യൂട്ടീവ് അംഗങ്ങൾ:

റോഹിത് സി. ജോസഫ്, കുണ്ടായിത്തോട്; എറിൻ വർഗീസ്, പശുക്കടവ്; അതുല്യ ബെന്നി, കൂരാച്ചുണ്ട്; സെബിൻ അബ്രഹാം, കൂരാച്ചുണ്ട്; അമന്റ ഷാജി, വെറ്റിലപ്പാറ; ആൻട്രീസ, തിരുവമ്പാടി; ചെൽസിയ മേരി മാത്യു, കാക്കവയൽ; ആൻമേരി ജോർജ്, താമരശ്ശേരി; ജോയൽ കെ. ഷാജി, മഞ്ചേരി; ആൽബിൻ പി.സി., പാലൂർകോട്ട; അഖില ജോസഫ്, ചീരട്ടാമല; ആഷ്‌ലിൻ വർഗീസ്, പെരിന്തൽമണ്ണ; ഡെൽവിൻ സിറിൽ, പെരിന്തൽമണ്ണ; ഫെബിൻ ജോർജ്, വിലങ്ങാട്; ആഗ്നസ് അന്ന ജോസഫ്, വിലങ്ങാട്; ഡൊമിനിക് പ്രിൻസ്, കാളികാവ്; അലീന കെ.സിബി, കരുവാരകുണ്ട്.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**

ഡയറക്ടർ, കെസിവൈഎം-എസ്എംവൈഎം

## മദ്ബഹ ശുശ്രൂഷ സംഘം (SMART)

**ഒപ്പം:** എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. ജനുവരി മാസത്തിൽ തലയാട്, പൂഴിത്തോട്, കുളത്തുവയൽ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

**ഒരുക്കം:** അൾത്താര ശുശ്രൂഷികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ വികാരിയച്ചൻമാർ SMART ഓഫീസുമായി ബന്ധപ്പെടുക.

**വചനം-തിരുവചനം:** സ്മാർട്ട് യൂണിറ്റുകൾക്കായി 'വചനം-തിരുവചനം' എന്ന പേരിൽ വചനം പറച്ചിൽ മത്സരം നടത്തി. നിരവധി യൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ:** സ്മാർട്ട് സംഘടനയുടെ പുതിയ രൂപത ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോർജ് കരിന്തോളിൽ അച്ചന് ആശംസകൾ അറിയിക്കുന്നു.

## വൊക്കേഷൻ ബ്യൂറോ

വൊക്കേഷൻ ബ്യൂറോയുടെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോർജ് കരിന്തോളിൽ അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ഫാ. ജോർജ് കുമ്പുക്കൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷസംഘം, വൊക്കേഷൻ ബ്യൂറോ

# കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മകളുടെ 2025 വർഷത്തെ (ജനുവരി മുതൽ ഡിസംബർ വരെ) പ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ഒരോ ഇടവകയിൽനിന്നും മികച്ച പ്രവർത്തനം നടത്തിയ രണ്ട് യൂണിറ്റുകളെ കണ്ടെത്തി അവയുടെ പ്രവർത്തന റിപ്പോർട്ട് ഫെബ്രുവരി 28-നകം ഫൊറോന ഡയറക്ടർമാരെ ഏല്പിക്കേണ്ടതാണ്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരോ ഫൊറോനയിൽനിന്നും മികച്ച രണ്ട് യൂണിറ്റുകളെ കണ്ടെത്തി മാർച്ച് 15-നകം അവരുടെ പ്രവർത്തന റിപ്പോർട്ട് രൂപത ഡയറക്ടറെ ഏല്പിക്കേണ്ടതാണ്.

റിപ്പോർട്ട് ബുക്കുകളുടെ അവസാനഭാഗത്തു നൽകിയിരിക്കുന്ന വാർഷിക റിപ്പോർട്ടും വാർഷിക അവലോകനവും തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ട് ബുക്കിൽ സെക്രട്ടറിയുടെയും വികാരി അച്ചന്റെയും ഒപ്പ് ഉണ്ടായിരിക്കണം. റിപ്പോർട്ട് ബുക്കിനോടൊപ്പം പ്രവർത്തനങ്ങൾ വെളിവാക്കുന്ന ഫോട്ടോകളും ഉൾപ്പെടുത്താവുന്നതാണ്.

*ഇടവക തലത്തിൽ പ്രവർത്തനങ്ങളെ വിലയിരുത്താനും ഏറ്റവും നല്ല കുടുംബ യൂണിറ്റിനെ തിരഞ്ഞെടുക്കാനും സഹായകരമായ ചില മാനദണ്ഡങ്ങൾ താഴെ നല്കുന്നു.*

1. ഏറ്റവും കൂടുതൽ കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ നടത്തിയ യൂണിറ്റ്.
2. ഏറ്റവും കൂടുതൽ അംഗങ്ങൾ (കുടുംബങ്ങളുടെ എണ്ണത്തിനു ആനുപാതികമായി) പങ്കെടുക്കുന്ന യൂണിറ്റ്.
3. ഏറ്റവും നന്നായി കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്ന യൂണിറ്റ്.
4. പ്രാർഥനയിലും ചർച്ചയിലും പരിപാടികളിലും ഏറ്റവും സജീവമായി അംഗങ്ങൾ പങ്കെടുക്കുന്ന യൂണിറ്റ്.

5. ഏറ്റവും നന്നായി ഹാജറും റിപ്പോർട്ട് ബുക്കും എഴുതി സൂക്ഷിക്കുന്ന യൂണിറ്റ്.
6. ഇടവകതല പരിപാടികളിൽ ഏറ്റവും സജീവമായി സഹകരിക്കുകയും പങ്കെടുക്കുകയും ചെയ്യുന്ന യൂണിറ്റ്.
7. കുടുംബയൂണിറ്റ് അംഗങ്ങൾ ഒന്നിച്ച് യാത്രകളോ, മറ്റ് സേവന പദ്ധതികളോ നടത്തുന്ന യൂണിറ്റ്.
8. കുടുംബ യുണിറ്റ് വാർഷികം മികച്ച രീതിയിൽ നടത്തുന്ന യൂണിറ്റ്.
9. കുടുംബ യൂണിറ്റിലെ അംഗങ്ങളും കുടുംബങ്ങളും തമ്മിൽ ഏറ്റവും നല്ല സഹകരണത്തിലും സൗഹൃദത്തിലും വ്യാപരിക്കുന്ന യൂണിറ്റ്.
10. മുകളിൽ പറഞ്ഞതല്ലാതെ കുടുംബയൂണിറ്റിൽ നടത്തപ്പെടുന്ന സവിശേഷമായ മറ്റ് കാര്യങ്ങളും പരിഗണിക്കുന്നതാണ്.

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# പ്രവാസി അപ്പസ്തോലേറ്റ്

താമരശ്ശേരി രൂപതയുടെ പ്രവാസി അപ്പസ്തോലേറ്റ് പ്രവർത്തനങ്ങൾ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ സുഗമമായി മുന്നോട്ടുപോകുന്നു. ഇതുവരെ 21 ഇടവകയിൽ നിന്നും പ്രവാസികളുടെ പേരു വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. തന്ന ലിസ്റ്റ് അനുസരിച്ച് ഓരോ രാജ്യത്തിൽ നിന്നുള്ളവരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പ് രൂപപ്പെടുത്തിയിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെ പ്രവാസികൾ ഒരുമിച്ചുകൂടി അതാത് രാജ്യങ്ങളിൽ പ്രവാസി കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇനിയും പ്രവാസികളുടെ പേര് വിവരങ്ങൾ തരാത്ത ഇടവകകൾ എത്രയും പെട്ടന്ന് തരാൻ താല്പര്യപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പ്രവാസി അപ്പസ്തോലേറ്റ്

# യൂദിത്ത് ഫോറം

## എക്സിക്യൂട്ടീവ് മീറ്റിംഗ്

2026 ജനുവരി 13 ന് തിരുവാമ്പാടി യൂദിത്ത് ഫോറം ഓഫീസിൽ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. യൂദിത്ത് ഫോറത്തിന്റെ കോർ ഗ്രൂപ്പ് അംഗങ്ങളും മേഖല ഭാരവാഹികളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ചു. മീറ്റിംഗിൽ കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവി പരിപാടികൾ ചർച്ചചെയ്യുകയും ചെയ്തു. വിധവയ്ക്ക് ഒരു ഭവനം എന്ന രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് നടത്താനുദേശിക്കുന്ന പദ്ധതിയുടെ സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്തു. കൂപ്പൺ എത്രയും പെട്ടെന്ന് സമാഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ മേഖലാതലത്തിൽ നടപ്പിലാക്കാനും മേഖലാ സംഗമങ്ങൾ നടത്താത്ത ഫൊറോനകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി സംഗമങ്ങൾ നടത്താനും തീരുമാനിച്ചു, ഏപ്രിൽ മാസം 16-ാം തീയതി യൂദിത്ത് ഫോറത്തിന്റെ രൂപത സംഗമം നടത്തുവാൻ തീരുമാനിച്ചു. രൂപത പ്രസിഡന്റ് ശ്രീമതി മേരി പൗലോസ് ഏവർക്കും സ്വാഗതം ആശംസിച്ചു. കോർ ഗ്രൂപ്പ് അംഗങ്ങളായ സി. ജാൻസി മരിയ എഫ്.സി.സി, സി. മെൽബിൻ എസ്.എ.ബി.എസ്, സി. റാണിറ്റ എസ്.എച്ച്, സി. റോസ് എസ്.ഡി. സി. സെലിൻ ജോസ് സിഎംസി, പ്രസന്ന തോമസ്, ലീലാമ്മ എന്നിവർ പങ്കെടുത്തു. രൂപത ആനിമേറ്റർ സി. റെനി ജോസ് സിഎംസി ഏവർക്കും നന്ദി പറഞ്ഞു.

## മേഖലാ സമ്മേളനങ്ങൾ

ഫെബ്രുവരി 21 -തിരുവമ്പാടി മേഖല

ഫെബ്രുവരി 28 -തോട്ടുമുക്കം മേഖല

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, യൂദിത്ത് ഫോറം



# എക്യുമെനിസം

## സംയുക്ത ക്രിസ്മസ്- ന്യൂ ഇയർ: കോടഞ്ചേരി

യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം കോടഞ്ചേരി മേഖലയുടെ ആഭിമുഖ്യത്തിൽ 2026 ജനുവരി 1 ന് കോടഞ്ചേരി ഹൈസ്കൂൾ അങ്കണത്തിൽ വച്ച് സംയുക്ത ക്രിസ്തുമസ് - ന്യൂ ഇയർ ആഘോഷം നടത്തി. യോഗത്തിൽ കോടഞ്ചേരി മേഖല രക്ഷാധികാരി ഫാ. കുര്യാക്കോസ് ഐകുളമ്പിൽ അധ്യക്ഷനായിരുന്നു. ദേവഗിരി കോളേജ് റിട്ടേർഡ് പ്രിൻസിപ്പാൾ പ്രൊഫ. ജോസ് ജോൺ മല്ലികശ്ശേരി മുഖ്യാതിഥിയായിരുന്നു. താമരശ്ശേരി രൂപത എക്യുമെനിസം ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഫാ. ബേസിൽ തമ്പി മുഖ്യ അവതാരകനായിരുന്ന യോഗത്തിൽ ഫാ. എബി ചിറയിൽ, ഫാ. ഷിജോ താന്നിയാംകട്ടയിൽ, ഫാ. റിനോ ജോൺ, ഫാ. അനൂപ് അലക്സാണ്ടർ, ഫാ. സ്ക്കറിയ ഇന്തലാംകുഴിയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിന് യുണൈറ്റഡ് ഫോറം പ്രസിഡന്റ് രാജു ചോള്ളാമഠം നന്ദി അർപ്പിച്ചു. ഷിജി അവനൂർ, ഏലിയാസ് പടയാട്ടിൽ, ടെസ്സി കാണിരകൊമ്പിൽ, ആനി പുത്തൻപുര, ലീന മാത്യു, ഓമന ജോസ്, ഷിബു ജോസഫ്, ജെയ്സൺ, റെജി പേഴത്തിങ്കൽ എന്നിവർ നേതൃത്വം നൽകുകയും കോടഞ്ചേരി മേഖലയിലെ വിവിധ ദൈവാലയങ്ങളിൽ നിന്ന് ക്രിസ്തുമസ് കരോൾ ഗാനങ്ങളും സ്കിറ്റും അവതരിപ്പിക്കുകയും ചെയ്തു.

## ഐക്യ ക്രിസ്തുമസ്: മഞ്ചേരി

മഞ്ചേരി ക്രിസ്ത്യൻ യൂണിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ മഞ്ചേരിയിലും പരിസരപ്രദേശങ്ങളിലും ഉള്ള വിവിധ ക്രിസ്തീയ സഭാ സമൂഹങ്ങൾ പങ്കെടുത്ത സംയുക്ത ക്രിസ്തുമസ് ആഘോഷം 2025 ഡിസംബർ 22 ന് നടത്തി. വൈകുന്നേരം ആറുമണിക്ക് മഞ്ചേരി സിഎസ്ഐ ദൈവാലയത്തിൽ നിന്ന് ആരംഭിച്ച ക്രിസ്തുമസ്

സന്ദേശ റാലിയിൽ വിവിധ ഇടവകകളുടെ നേതൃത്വത്തിൽ പാപ്പാന്മാരും ഫ്ലോട്ടുകളും അണിനിരന്നു. മഞ്ചേരി മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന സമാപന സമ്മേളനം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാവ് ക്രിസ്തുമസ് കേക്ക് മുറിക്കുകയും വിവിധ തലത്തിൽ വിജയികളായവരെ അനുമോദിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. വിവിധ ഇടവകകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കലാപരിപാടികളിലും സ്നേഹ വിരുന്നിലും ധാരാളം വ്യക്തികൾ പങ്കെടുക്കുകയും ആസ്വാദ്യകര മായ സായാഹ്നമാവുകയും ചെയ്തു. ഫാ. സുദീപ് കിഴക്കരക്കാട്ട്, സാബു കെ ജെ, തേജസ് കറുകയിൽ, അഭിലാഷ് ആന്റണി, വിവിധ പള്ളികളിലെ വികാരിയച്ചന്മാർ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. 1981 ൽ മഞ്ചേരിയിൽ ആരംഭിച്ച ക്രിസ്ത്യൻ യൂണിറ്റി സെന്റർ ഐക്യ ക്രിസ്തുമസ് ആഘോഷം ഈ വർഷവും മുടങ്ങാതെ സംഘടിപ്പിച്ചു. അക്രൈസ്തവർ ഒത്തിരിയേറെ തിങ്ങിപ്പാർക്കുന്ന മഞ്ചേരി പ്രദേശത്ത് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ ലഭിക്കുന്ന സുവർണ്ണാവസരമായി എല്ലാവർഷവും ഐക്യ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിക്കുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, എക്യുമെനിസം

# ഇൻഫാം
## (Indian Farmers Movement)

**മെമ്പർഷിപ്പ് ക്യാമ്പയിൻ**

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നു. ചമൽ, കൂരാച്ചുണ്ട്, പുന്നക്കൽ ഇടവകകളിലാണ് ഈ മാസം ക്യാമ്പയിൻ നടന്നത്. 200 പുതിയ മെമ്പർമാർ ഇൻഫാം സംഘടനയിൽ അംഗത്വമെടുത്തു.

**ഫാ. ജോർജ് മുണ്ടനാട്ട്**

ഡയറക്ടർ, ഇൻഫാം

# വിദ്യാഭ്യാസ രംഗം

## അധ്യാപകസംഗമവും യാത്രയയപ്പ് സമ്മേളനവും

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ഈ വർഷത്തെ വിദ്യാഭ്യാസ സംഗമവും സർവ്വീസിൽനിന്ന് വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും 2026 മാർച്ച് 7-ാം തീയതി ശനിയാഴ്ച ബഥാനിയായിൽവെച്ച് നടക്കും.

## ഈ വർഷം സർവ്വീസിൽനിന്നും വിരമിക്കുന്നവർ

| No: | Name | Designation | School |
|---|---|---|---|
| 1 | Bindu Mary Paul | Principal | Kallanode HSS |
| 2 | Saji Joseph | Principal | Maruthomkara HSS |
| 3 | Jolly Joseph | Headmaster | Pullurampara HS |
| 4 | Raju K.M | Headmaster | Chempanoda HS |
| 5 | Sibi Kuriakose | Headmaster | Pullurampara UPS |
| 6 | Ancy Thomas | Headmistress | Manjuvayal UPS |
| 7 | Andrews T.G. | Headmaster | Anakkulam LPS |
| 8 | Roy Jose | Headmaster | Anackampoil UPS |
| 9 | Jolly Varghese | Headmistress | Chempanoda UPS |
| 10 | Lovely Sebastian | Headmistress | Malaparamba LPS |
| 11 | Sr. Kochurani C.C. | Headmistress | Pandallur LPS |
| 12 | Milly V.M. | Headmistress | Thalayad LPS |
| 13 | Treesamma Joseph | Headmistress | Thekkumkutty LPS |
| 14 | Saji Mathew | HSST Zoology | Koodaranji HSS |
| 15 | Shiny Peter | HSST Mathematics | Koodaranji HSS |
| 16 | Fancy Sebastian | HSST Botany | Kulathuvayal HSS |
| 17 | Sr. Sherly Sebastian | HSST History | Maruthomkara |

## HSS

| | | | |
|---|---|---|---|
| 18 | Shery Jose | HST Malayalam | Venappara HS |
| 19 | Sr. Shiny Rose | HST Social Science | Chempanoda HS |
| 20 | Philomina Mathew | HST Physical Science | Thiruvampady HS |
| 21 | Soly George | HST Mathematics | Pullurampara HS |
| 22 | Rajeev Mathew | HST Hindi | Kannoth HS |
| 23 | Elizabeth Joseph V | HST Hindi | Kodanchery HS |
| 24 | Leena Jacob | Music Teacher | Koodaranji HS |
| 25 | Shiji K.J. | Drawing | Nellipoil HS |
| 26 | Jessy Augustine | UPST | Koodaranji HS |
| 27 | Agie Thomas | UPST | Thiruvampady UPS |
| 28 | Soly Michael | UPST | Kulathuvayal HS |
| 29 | Molly Varghese | JLT Sanskrit | Thiruvampady UPS |
| 30 | Vinodan K.K. | JLT Sanskrit | Chengaroth UPS |
| 31 | Sindu Zacharia | LPST | Venappara UPS |
| 32 | Sr. Dessymol Joseph | LPST | Poozhithode UPS |
| 33 | Jancy Chacko | LPST | Koorachundu UPS |
| 34 | Mary Biyatris K.M. | LPST | Kannoth UPS |
| 35 | Betty K George | LPST | Kallanode LPS |
| 36 | Mini Anto | LPST | Chakkittappara |

## UPS

| | | | |
|---|---|---|---|
| 37 | Shiny Thomas | LPST | Koorachundu UPS |
| 38 | George Joseph T. | Clerk | Kulathuvayal HS |
| 39 | Kumari T.R. | Clerk | Punnackal HS |

### ആദരാഞ്ജലികൾ

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിച്ച് വിശ്രമജീവിതത്തിലായിരുന്ന തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ സി. കെ.ഐ. ഏലിക്കുട്ടി (സി. സെറാഫിയ സി.എം.സി.), ചെമ്പനോട സെന്റ് ജോസഫ്സ് യു.പി. സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ. പി.ഡി. കൊച്ചു പൈലി, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ അധ്യാപകരായിരുന്ന ശ്രീ. പി.കെ. സ്കറിയ പുതുപ്പ

ള്ളിൽ, സി. മേരി പി.എം. (സി. ജോസിറ്റ സി.എം.സി), കോടഞ്ചേരി സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ ഓഫീസ് സ്റ്റാഫ് ശ്രീ. റ്റി.ഡി. ദേവസ്യ തെങ്ങുംതോട്ടത്തിൽ, കൂരാച്ചുണ്ട് സെന്റ് തോമസ് യൂ.പി. സ്കൂളിലെ ശ്രീ. കെ.എം. പൗലോസ് കണ്ടിരിക്കൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അവർ ഓരോരുത്തരെയും പ്രാർഥനാപൂർവം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## International Educational Colloquium

"Educating for Excellence in a Digital Age: Faith Formation, Christian Education, and Global-Kerala Perspectives" എന്ന വിഷയത്തിൽ സ്റ്റാർട്ടിൽ വെച്ച് അന്താരാഷ്ട്ര വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിച്ചു. 2026 ജനുവരി 24 ന് രാവിലെ 10 മണി മുതൽ ഉച്ചക്ക് ഒരുമണി വരെ നടന്ന സെമിനാറിൽ സ്റ്റാർട്ട് ഡയറക്ടർ ഫാ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഡോ. കേസ് സ്കിപ്പർ, ഫാ. സബിൻ തൂമുള്ളിൽ എന്നിവർ വിഷയാവതരണം നടത്തി. സെമിനാറിൽ ഡോ. ജോർജ് പൈമ്പിള്ളിൽ, മോൺ. ജെറാർഡ് ബ്രൂക്കിംഗ്, ഡോ. ചാക്കോ കാളംപറമ്പിൽ, സി. ജെന്നിഫർ ഡൊമിനിക് PDDM എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. തുറന്ന സംവാദത്തിന് മാത്യു ജെ പാറേൽ മോഡറേറ്ററായിരുന്നു. വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ സിമ്പോസിയത്തിൽ പങ്കെടുത്തു.

## റൂർമുണ്ട് രൂപതാധ്യക്ഷൻ സ്റ്റാർട്ട് സന്ദർശിച്ചു.

നെതർലന്റ്സിലെ റോർമണ്ട് രൂപതാധ്യക്ഷൻ മോസ്റ്റ് റവ. റോൺ ഫെന്റൺ ഹൗട്ടും റോർമണ്ട് രൂപത മേജർ സെമിനാരി റെക്ടർ ഡോ. ലാംബെറി ഹെൻട്രിക്സും സ്റ്റാർട്ട് സന്ദർശിക്കുകയും സ്റ്റാർട്ടിലെ കുട്ടികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

## 2026-27 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

### 1. Residential Plus Two (Science & Commerce)

റസിഡൻഷ്യൽ പ്ലസ് ടു കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശപഠനം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് സഹായിക്കുന്നതിനോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യൂണിവേഴ്സിറ്റികളിലേക്കും പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMs, NITs ) പ്രവേശനം നേടുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സിലബസിൽ സ്റ്റാർട്ടിൽ താമസിച്ചു പ്ലസ് ടു പഠിക്കാം.

സയൻസ്, കൊമേഴ്സ് സ്ട്രീമുകളിൽ 30 സീറ്റുകൾ മാത്രം.

*സയൻസ്:* ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി/ കംപ്യൂട്ടർ സയൻസ്

*കൊമേഴ്സ്:* അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ/മാത്തമാറ്റിക്സ്

### 2. പ്ലസ് ടു കഴിഞ്ഞവർക്ക് ഏകവത്സര കോഴ്സ് (PFT)

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training (PFT)യുടെ ഇരുപത്തൊന്നാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി ഓരോ വിദ്യാർഥിയിലും

അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിന് അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കാനും Professional Foundation Training കുട്ടികളെ സഹായിക്കുന്നു.

## 3. AI & Python Course

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് സമഗ്രമായ അറിവുനേടുന്നതിനും പ്രത്യേകിച്ച് Machine learning, Data Science എന്നിവയിൽ Python ഉപയോഗിച്ച് പ്രോഗ്രാമിങ് ചെയ്യുന്നതിനുമുള്ള പരിശീലനം. ഓരോ മാസവും ആദ്യ ശനിയാഴ്ച പുതിയ അഡ്മിഷനുകൾ സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് https://www.startindia.org/online

## 4. Wing for Multiple Intelligence Aptitude Test

സ്റ്റാർട്ടിന്റെ പുതിയ സംരംഭമായ ആറ് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ കുട്ടികൾക്കായി Aptitude Tests ആവശ്യാനുസരണം നടത്തിക്കൊടുക്കുന്നു. കോഴ്സുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. www.startindia.org, Contact: 0495-2357843, 9037107843, 974445811, startcalicut22@gmail.com

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

പോപ്പ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി, ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺ ലൈൻ ആയും, നടക്കുന്നു. വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരിമുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ ഏവർക്കും ലഭ്യമാണ്. സൗജന്യ കൗൺസിലിംഗ് സേവനവും നല്കപ്പെടുന്നു.

### കോഴ്സുകൾ

1. എം. എസ്സി. ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2 എം. എസ്. സി. ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺ ലൈൻ)

### അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാൻ പ്രവർത്തന സജ്ജമായ 'ഹോപ്പ് ലൈൻ' എമർജൻസി ഹെൽപ് പ്രവർത്തിക്കുന്നു. സംസാരിക്കുന്നതിനായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.

2. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026 -2028 ബാച്ച് (ഓഫ് ലൈൻ / ഓൺ ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ - 9447229495 ബന്ധപ്പെടുക.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# ആൽഫാ മരിയ അക്കാദമി

കുന്നമംഗലത്ത് പ്രവർത്തിക്കുന്ന ആൽഫാ മരിയ അക്കാദമി വിദേശ പഠനതൊഴിൽ സാധ്യതകൾ ലക്ഷ്യമിട്ടുള്ള ജർമ്മൻ ഭാഷാ പരിശീലന രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാർഥികൾക്കും തൊഴിൽ അന്വേഷിക്കുന്നവർക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ ഗുണമേന്മയുള്ള പരിശീലനമാണ് അക്കാദമി നൽകുന്നത്. ഗോയ്ഥെ (Goethe) മാതൃകയും TELC മാതൃകയും അനുസരിച്ചുള്ള ഭാഷാ പരിശീലനവും, അവയെ അടിസ്ഥാനമാക്കിയുള്ള പരീക്ഷാ തയ്യാറെടുപ്പ് ക്ലാസുകളും ഇവിടെ ലഭ്യമാണ്. ഓരോ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്ന തിലൂടെ പഠനം തുടക്കമിടാൻ ആഗ്രഹിക്കുന്നവർക്ക് സൗകര്യ മൊരുക്കുന്നു. TELC പരീക്ഷയ്ക്കായി പരീക്ഷാ കേന്ദ്രം ഒരുക്കുന്ന തിനുള്ള സംവിധാനങ്ങളും അക്കാദമി ഒരുക്കുന്നുണ്ട്.

ഫെബ്രുവരിയിൽ നഴ്സുമാർക്കായി പ്രത്യേക ജർമ്മൻ ഭാഷാ ബാച്ച് ആരംഭിക്കുന്നതാണ് മറ്റൊരു പ്രധാന പ്രത്യേകത. നഴ്സുമാർക്ക് സൗജന്യ കോച്ചിംഗും സൗജന്യ വിമാന ടിക്കറ്റും ഉൾപ്പെടുന്ന പ്രത്യേക പിന്തുണാ പദ്ധതികളും അക്കാദമി നടപ്പിലാക്കുന്നു.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യങ്ങളും അക്കാദമിയിൽ ലഭ്യമാണ്. ഇതോടൊപ്പം, ജർമ്മനിയിൽ ഡ്രൈവർ ജോലി തേടുന്നവർക്കായി പുതിയ തൊഴിൽ അവസരവും അവതരിപ്പിച്ചിരിക്കുന്നു. ഏതെങ്കിലും ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം; അടിസ്ഥാന ജർമ്മൻ ഭാഷാ അറിവ് മതിയാകും. ഈ കോഴ്സ് LDS എന്ന സ്ഥാപനവുമായി സഹകരിച്ചാണ് ആൽഫാ മരിയ അക്കാദമി നടത്തുന്നത്.

**ഫാ. ജോസ്ഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫാ മരിയ അക്കാദമി

# എയ്ഡർ എഡ്യുകെയർ

## എൻ.എൽ.പി – ട്രെയിനിങ് ക്യാമ്പ്: മലപ്പുറം ജില്ല

കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം ഫൊറോനകളിലെ കുട്ടികളെ കേന്ദ്രീകരിച്ച് ജനുവരി 1, 2, 3 തീയതികളിൽ പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിൽ മൂന്ന് ദിവസത്തെ എൻഎൽപി ട്രെയിനിങ് ക്യാമ്പ് സംഘടിപ്പിച്ചു. പഠനത്തിനും ജീവിതത്തിലും വിവിധ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്ന ഈ ക്യാമ്പിൽ 25 കുട്ടികൾ പങ്കെടുത്തു. ശ്രീ. മില്ലറ്റ് തോമസ്, സി. ഡോണ എഫ്സിസി, സി. സോന എഫ്സിസി, സി. സജിനി ഡിപിഎംടി എന്നിവർ നേതൃത്വം നൽകി. എഡ്യുകെയർ ടീം മെമ്പേഴ്സ് ആയ സി. സ്നേഹ, സി. റീന എന്നിവർ ക്യാമ്പ് ക്രമീകരണങ്ങൾ നടത്തി. മൂന്ന് ദിവസത്തെ ക്യാമ്പിൽ വിവിധ ഹീലിംഗ് സെഷനുകളും മോട്ടിവേഷൻ ക്ലാസുകളും സെൽഫ് ബ്രേക്കിംഗ് സെഷനുകളും വിശുദ്ധ കുർബാനയും കുമ്പസാരവും ഉൾപ്പെടുത്തിയിരുന്നു. മൂന്നാം ദിവസം നടന്ന കൗൺസിലിങ്ങിന് സി. ജിനു, സി. ബീന എന്നിവർ നേതൃത്വം നൽകി. എഡ്യൂകെയർ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സമാപന സമ്മേളനത്തിൽ പുത്തനങ്ങാടി സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ഫാ. ഡെന്നി അധ്യക്ഷത വഹിച്ചു.

## റെയ്സ്ഡ് ടു ഐഎഎസ് മെയിൻസ് പരീക്ഷ

ജനുവരി പത്താം തീയതി സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിൽ പങ്കെടുത്ത രൂപതയിലെ 79 കുട്ടികൾ മെയിൻസ് പരീക്ഷ എഴുതി. അഞ്ചു സെന്ററുകളിലാണ് നടന്നത്. മഞ്ചേരി സെന്റ് ജോസഫ് ചർച്ച് പാരിഷ് ഹാൾ, മുക്കം പള്ളി പാരിഷ് ഹാൾ, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരി, പേരാമ്പ്ര സെന്റ് ഫ്രാൻസിസ്

പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലാണ് പരീക്ഷ നടന്നത്. സി. സ്നേഹ, സി. ജിസ്സെറ്റ്, സി. ആൻസ്, സി. റീന, ഫാ. മെൽവിൻ എന്നിവർ പരീക്ഷയ്ക്ക് നേതൃത്വം നൽകി. മെയിൻസ് പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് അവസാനഘട്ടമായ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതാണ്.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

## ജീസസ് ഫ്രട്ടേണിറ്റി

കോഴിക്കോട് സോണിൽ മാനന്തവാടി ജില്ല ജയിൽ, കോഴിക്കോട്, വടകര സബ് ജയിലുകളിൽ ക്രിസ്തുമസ് ആഘോഷങ്ങളും കൂട്ടായ്മയും സംഘടിപ്പിച്ചു.

### വടകര സബ് ജയിൽ

സോണൽ ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകുകയും തിരുപ്പിറവിയുടെ സന്ദേശം പങ്കുവയ്ക്കുകയും ചെയ്തു. ആനിമേറ്റർ സി. ഫിലോ ആശംസകൾ നേർന്ന് സംസാരിച്ചു. പുതുവർഷത്തിന്റെ സന്തോഷം പങ്കുവച്ചുകൊണ്ട് സംഘടനയുടെ നേതൃത്വത്തിൽ കലാപരിപാടികൾ നടത്തുകയും എല്ലാവർക്കും കേക്ക് നൽകുകയും ചെയ്തു. 2026 വർഷത്തിൽ കോഴിക്കോട് സോണിലെ ജയിലുകളിൽ സ്നേഹത്തിന്റെയും ചേർത്തുപിടിക്കുന്നതിന്റെയും സന്ദേശങ്ങൾ നൽകുന്ന നിരവധി കർമ്മപദ്ധതികളാണ് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിരിക്കുന്നത്.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

# കത്തോലിക്ക കോൺഗ്രസ്

## സമുദായ ശക്തീകരണ വർഷാചരണം - രൂപതാതല ഉദ്ഘാടനം

2026 ൽ സീറോമലബാർസഭ ആചരിക്കുന്ന സമുദായ ശക്തീകരണ വർഷത്തിന്റ രൂപതാതല ഉദ്ഘാടനം കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 2026 ജനുവരി കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടന്നു. സമ്മേളനത്തിന് താമരശ്ശേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യക്ഷത വഹിച്ചു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ, രൂപത ചാൻസിലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. ബിനോയ് പുരയിടത്തിൽ, ഫാ. മാത്യു തൂമുള്ളിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. നസ്രാണി പാരമ്പര്യവും സംസ്കാരവും പ്രതിഫലിപ്പിക്കുന്ന രീതിയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ മാർഗംകളി, കെസിവൈഎം മഞ്ഞുവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ചവിട്ടുനാടകം, കെസിവൈഎം കൂടരഞ്ഞി യൂണിറ്റിന്റെ നേതൃത്വത്തിൽ പരിച മുട്ടുകളി തുടങ്ങിയ പരമ്പരാഗത കലാപരിപാടികൾ അവതരിപ്പി ക്കപ്പെട്ടു. പ്രസ്തുത കലാരൂപങ്ങൾ ആത്മീയവും സാംസ്കാരികവു മായ സമൃദ്ധി പകരുന്നതായിരുന്നു.

## *സത്യപ്രകാശം:* മതാന്തര സംവാദ വേദി

റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട് അമലാപുരി ചാവറ കൾച്ചറൽ സെന്ററിൽ 2026 ജനുവരി 16 ന് “സത്യപ്രകാശം: മതാന്തര സംവാദ വേദി” സംഘടിപ്പിച്ചു. അഭിവന്ദ്യ

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ സ്വാഗതം പറഞ്ഞു. മുൻ ഗോവ ഗവർണർ അഡ്വ. ശ്രീധരൻ പിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു.

സമൂഹത്തിൽ സമാധാനപരമായ സഹവർത്തിത്വവും പരസ്പര ബോധ്യവും വളർത്തുന്നതിൽ മതാന്തര സംവാദങ്ങൾ നിർണായക മാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. വിവിധ മതങ്ങളെ പ്രതിനിധീകരിച്ച് ക്ഷണിക്കപ്പെട്ട ആചാര്യന്മാർ മതങ്ങളുടെ സാമൂഹിക ദൗത്യവും മാനവിക മൂല്യങ്ങളും വിശദീകരിച്ചു. തുടർന്ന് മതവും സാമൂഹിക സമാധാനവും, നീതിയും മനുഷ്യാവകാശങ്ങളും, പരിസ്ഥിതി സംരക്ഷണവും സാമൂഹിക ഉത്തരവാദിത്വവും എന്നീ വിഷയങ്ങളെ ആസ്പദമാക്കി സംവാദം നടന്നു. വിവിധ മത നേതാക്കളും സാമൂഹികസാംസ്കാരിക രംഗത്തെ പ്രതിനിധികളും വിദ്യാർഥികളും സംവാദത്തിൽ പങ്കെടുത്തു.

### കർഷക സംഗമവും ജനപ്രതിനിധികൾക്ക് സ്വീകരണവും

കത്തോലിക്ക കോൺഗ്രസ് കൂരാച്ചുണ്ട് ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ കർഷക സംഗമവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളിലെ ജനപ്രതിനിധികൾക്ക് സ്വീകരണവും നിവേദന സമർപ്പണവും നടത്തി. സമ്മേളനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കൂരാച്ചുണ്ട് ഫൊറോന ഡയറക്ടർ ഫാ. വിൻസെന്റ് കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ വിവിധ മേഖലകളിലെ കർഷക പ്രതിഭകളെ ആദരിച്ചു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്



# കരുണാഭവൻ

2026 പുതുവർഷം വി. കുർബാനയോടെ ആരംഭിക്കുകയും മധുരം വിതരണം ചെയ്ത് അന്തേവാസികളും ബഹു. സിസ്റ്റേഴ്സും ഡയറക്ടറച്ചനും അഭ്യൂദയകാംക്ഷികളും സന്തോഷം പങ്കിടുകയും ചെയ്തു. ഇടവകകളിൽ നിന്നും ബഹു. വൈദികരുടെ നേതൃത്വത്തിൽ വിവിധ കൂട്ടായ്മകൾ പുതുവർഷത്തിൽ കരുണാഭവൻ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. മറ്റ് മതസ്ഥരായ അനേകം വ്യക്തികളും കുടുംബങ്ങളും കരുണാഭവൻ സന്ദർശിച്ച് സഹായിച്ചു. പാറോപ്പടി ഇടവക തിരുനാളിൽ അന്തേവാസികൾ സജീവമായി പങ്കെടുത്തത് ശ്രദ്ധേയമായി. ജനുവരി മാസത്തിൽ ഒരാൾ മരണംമൂലം കരുണാഭവൻ കുടുംബത്തോട് വിട പറഞ്ഞു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ



# കരിസ്മാറ്റിക് മൂവ്മെന്റ്

## എഫ്ഫാത്ത 2026

എഫ്ഫാത്ത 2026 സോണൽ സംഗമം 2026 ജനുവരി 10 ന് കുന്നമംഗലം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടന്നു. സോണൽ ആനിമേറ്റർ ഫാ. ഡൊമിനിക് കുഴിവേലിൽ ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകി. ബ്ര. സന്തോഷ് കരുമത്ര 'ഉണരാം

ആത്മാവിൽ; വളരെ പ്രേഷിതരായ്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും അഭിഷേക ആരാധന നയിക്കുകയും ചെയ്തു. കുന്നമംഗലം ഇടവക വികാരി ഫാ. ജോസഫ് പുളിച്ചമാക്കൽ ആരാധനയ്ക്ക് നേതൃത്വം നൽകി. ജോസ് കീരപ്പടവിൽ സ്തുതി ആരാധന നടത്തി. ഷാജു കാഞ്ഞിരത്തിങ്കൽ, ഡോ. ഫ്രാൻസിസ് ആറാടൻ എന്നിവർ പ്രസംഗിച്ചു.

**ജൂബിലേവൂസ്-2026 :** സുവർണ്ണ ജൂബിലി സഹസ്ര ദിന ഉപവാസ പ്രാർഥന, 2026 ജനുവരി 20 ന് മഞ്ഞുവയൽ സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ നടന്നു.

**101 ദിന ദിവ്യകാരുണ്യ ആരാധന:** കോഴിക്കോട് സോണിലെ നവീകരണ പ്രവർത്തനങ്ങളുടെ വിജയത്തിന് വേണ്ടിയും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുന്നതിന് വേണ്ടിയും 2026 ഫെബ്രുവരി 11 ബുധനാഴ്ച മുതൽ 2026 മെയ് 22 വെള്ളിയാഴ്ച വരെ 101 ദിന ദിവ്യകാരുണ്യ ആരാധന നടത്തുന്നതിനായി നിശ്ചയിച്ചിരിക്കുന്നു.



## ക്രിസ്റ്റീൻ മിനിസ്ട്രി

### ഉണ്ണീശോയ്ക്ക് ഒരു ബൈബിൾ

2025 ക്രിസ്തുമസിനോട് അനുബന്ധിച്ച് ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രി നടത്തിയ ബൈബിൾ രചനയിൽ (റോമാക്കാർക്കുള്ള ലേഖനം) കോഴിക്കോട് സോണിൽ നിന്ന് 143 കുട്ടികൾ പങ്കെടുത്തു. ബൈബിൾ എഴുതിയവരുടെ സംഗമം താമരശ്ശേരി എംഎംപിസി യിൽ വെച്ച് നടത്തി. താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കും ബൈബിൾ എഴുതിയ എല്ലാ കൂട്ടികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. കുട്ടികളെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കളേയും വികാരി അച്ചന്മാരേയും ആനിമേറ്റേഴ്സിനേയും അഭിവന്ദ്യ പിതാവ്

അഭിനന്ദിച്ചു. കോഴിക്കോട് സോണിലെ ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ആനിമേറ്റർ ഫാ. ഡൊമിനിക് കുഴിവേലിൽ, സോണൽ സെക്രട്ടറി ബെന്നിച്ചൻ കറുകമാലിൽ, ക്രിസ്റ്റീൻ മിനിസ്ട്രി കോഡിനേറ്റർ രാജു മംഗലശ്ശേരി, സെക്രട്ടറി ജെറി കോടഞ്ചേരി, സി. ഗ്രെയ്സ് സിഎംസി എന്നിവർ പ്രസംഗിച്ചു.

## വിവിധ മത്സരങ്ങളിൽ വിജയികളായവർ

*പ്രസംഗം:*

1st : ഹെൽഗ മരിയ ജിൻസ്
2nd : ജൂവൽ പ്രകാശ് മരഞ്ചാട്ടി
3rd : എൽവിൻ ജെയിൻ ബാസ്റ്റിൻ, താന്നിക്കപ്പാറ, മരുതോങ്കര

*ലേഖനം:*

1st : ക്രിസ്റ്റീന മുരിക്കൽ വെറ്റിലപ്പാറ

*മികച്ച ബൈബിൾ രചന:*

1 st : ടെസ്സ ഇവാൻ ജോബി, പാറക്കൽ, കൂടരഞ്ഞി
2nd : അൽഫോൻസ സന്തോഷ് തട്ടകത്ത്, മരുതോങ്കര
3rd : ജുവൽ പ്രകാശ് കണ്ണംതറപ്പേൽ, മരഞ്ചാട്ടി

*ബൈബിൾ ക്വിസ്:*

1st : തെരേസ മരിയ കവുന്നുംകാട്ടിൽ, വെറ്റിലപ്പാറ
2nd : ഗ്രേസ് മരിയ മോനിക്ക, കവുന്നുംകാട്ടിൽ, വെറ്റിലപ്പാറ
3rd : ട്രിയ തെരേസ്, വെറ്റിലപ്പാറ

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്, ക്രിസ്റ്റീൻ മിനിസ്ട്രി

# ബഥാനിയ ധ്യാനകേന്ദ്രം

### 'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

പുതുവർഷത്തിലേക്ക് കൃതജ്ഞത നിറഞ്ഞ ഹൃദയവുമായി ബഥാനിയ പ്രവേശിച്ചിരിക്കുന്നു. ദൈവാനുഗ്രഹം നിറഞ്ഞ ഒരു വർഷം ഏവർക്കും പ്രാർഥനപൂർവം ആശംസിക്കുന്നു. കഴിഞ്ഞ ഒരു വർഷം ദൈവം തന്ന എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാനും പുതിയ വർഷത്തെ പ്രാർഥനയോടെ സ്വീകരിക്കാനും അനേകം ആളുകളാണ് ജനുവരി മാസം ആരംഭത്തിൽ ബഥാനിയായിൽ എത്തിയത്.

### ആദ്യവെള്ളി കൺവെൻഷൻ

ജനുവരി രണ്ടാം തീയതി ആദ്യവെള്ളിയാഴ്ചയാചരണം ആവേ മരിയ ഹാളിൽ നടന്നു. ആദിവെള്ളി കൺവെൻഷനിൽ ആയിരക്കണക്കിന് ആളുകൾ പങ്കെടുത്തു. പുതുവർഷത്തിൽ അനേകം ആളുകൾ കുമ്പസാരിക്കുകയും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് അനുഗ്രഹത്തോടെ മടങ്ങുകയും ചെയ്തു. സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരം അന്നേദിവസം ധാരാളം ആളുകൾ പ്രയോജനപ്പെടുത്തി. ഒൻപതു മണിക്ക് കൺവെൻഷന്റെ ശുശ്രൂഷകൾ ആരംഭിച്ചു. വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ അന്നേദിവസം ഒരുക്കിയിരുന്നു.

### ഏകദിന കൺവെൻഷൻ

ജനുവരി മാസത്തിലെ എല്ലാ വെള്ളിയാഴ്ചയിലും കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ

ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. രാവിലെ 9.30 ന് ആരംഭിച്ച കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചന സന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വിശുദ്ധ കുർബാനയുണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരം എല്ലാദിവസവും ഉണ്ടായിരുന്നു. അനേകം ആളുകളാണ് കുമ്പസാരത്തിനും കുർബാനയ്ക്കുമായി ഓരോ ദിവസവും എത്തിച്ചേരുന്നത്.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

### ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 06 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 13 വെള്ളി | - | ഏകദിന കൺവെൻഷൻ,<br>ജീവിതവിശുദ്ധീകരണ ധ്യാനം (13-16) |
| 16 തിങ്കൾ | - | വലിയനോമ്പ് ആരംഭം |
| 20 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 21 ശനി | - | താമരശ്ശേരി രൂപത കോർപ്പറേറ്റ്<br>അധ്യാപക സംഗമം |
| 27 വെള്ളി | - | ഏകദിന കൺവെൻഷൻ |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## വിലങ്ങാട് പുനരധിവാസ പദ്ധതി

50 വീടുകൾ കൈമാറി. നിർമാണം ഫെബ്രുവരിയിൽ പൂർത്തിയാകും. വിലങ്ങാട് പുനരധിവാസപദ്ധതിയുടെ ഭാഗമായി ആകെ 70 വീടുകളാണ് നിർമിക്കുന്നത്. ഇതിൽ 50 വീടുകൾ ഇതിനകം വെഞ്ചിരിച്ചു കഴിഞ്ഞു. ഈ മാസം 18 വീടുകൾ കൂടി വെഞ്ചിരിക്കുന്ന തോടെ ഭൂരിഭാഗം കുടുംബങ്ങൾക്കും സ്ഥിരതയുള്ള താമസ സൗകര്യം ഉറപ്പാക്കാൻ സാധിക്കും. ശേഷിക്കുന്ന വീടുകളുടെ നിർമാണവും വെഞ്ചിരിപ്പും ഫെബ്രുവരി മാസത്തോടെ പൂർത്തി യാക്കാനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ഭാഗമായി പൂർത്തിയായ 3 വീടുകളുടെ വെഞ്ചിരിപ്പ് കർമ്മം ഭദ്രാവതി രൂപതാ മെത്രാൻ മാർ ജോസഫ് അരുമച്ചാടത്തും താമരശ്ശേരി രൂപതാ മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലും ചേർന്ന് നിർവഹിച്ചു. താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോയ്സ് വയലിൽ, കെ.എസ്.എസ്.എഫ് (KSSF) ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, ഫാ. ഇമ്മാനുവേൽ കുരൂർ, സി.ഒ.ഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, ഫാ. ബോബി പൂവത്തിങ്കൽ എന്നിവർ സന്നിഹിത രായിരുന്നു.

ഡിസംബർ 23, 30 തീയതികളിൽ നടന്ന വീടുവെഞ്ചരിപ്പുകളിൽ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, ബിഷപ് മാർ ജോസ് കല്ലുവേലിക്കുന്നേൽ എന്നിവർ പങ്കെടുത്തു.

ഭവനനിർമാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സി.ഒ.ഡി. ആണ്.

ജെ.എൽ.ജി ക്യാമ്പുകൾ സംഘടിപ്പിച്ചു; 121 സംഘങ്ങൾ വായ്പ

പുതുക്കി താമരശ്ശേരി രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സി.ഒ.ഡി (COD), കാനറ ബാങ്കിന്റെ പൂനൂർ, തിരുവമ്പാടി, താമരശ്ശേരി ബ്രാഞ്ചുകളുമായി സഹകരിച്ച് ജെ.എൽ.ജി (Joint Liability Group) വായ്പാ പുതുക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. പുതുപ്പാടി, വെറ്റിലപ്പാറ, കൂരാച്ചുണ്ട്, കൂടരഞ്ഞി എന്നിവിടങ്ങളിലായി നടന്ന വിവിധ ക്യാമ്പുകളിലായി ആകെ 121 സംഘങ്ങളുടെ വായ്പകളാണ് പുതുക്കി നൽകിയത്. സി.ഒ.ഡിയുടെ നേതൃത്വത്തിൽ നടന്ന ഈ ക്യാമ്പുകൾ പ്രാദേശിക തലത്തിലുള്ള ചെറുകിട കർഷകർക്കു വലിയ ആശ്വാസമായി.

## സേഫ് വിത്തിൻ

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനൊപ്പം പുനരധിവാസത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളും പുരോഗമിച്ചു വരികയാണ്. “സേഫ് വിതിൻ” (Safe Within) എന്ന പേരിൽ നടപ്പാക്കുന്ന രണ്ടാം ഘട്ട പദ്ധതിയിൽ ദുരന്തത്തെ അതിജീവിക്കാനുള്ള പരിശീലനം, അടിയന്തര സാഹചര്യങ്ങളിൽ ഇടപെടുന്നതിനുള്ള ടാസ്ക് ഫോഴ്സ് രൂപീകരണം, മാനസിക പിന്തുണ നൽകുന്നതിനുള്ള സൈക്കോളജിക്കൽ സപ്പോർട്ട് ടീമുകളുടെ രൂപീകരണവും പരിശീലനവും, വിവിധ തരത്തിലുള്ള വരുമാനമാർഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ‘സേഫ് വിത്തിൻ’ (Safe Within) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായും ഭാവിപരിപാടികൾ ചർച്ചചെയ്യുന്നതിനായും കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബെന്നി എടയത്ത്, സ്റ്റേറ്റ് ഓഫീസർ ശ്രീ. അഭീഷ് ആന്റണി എന്നിവർ പുതുപ്പാടി കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ (CRC) സന്ദർശിച്ചു. പദ്ധതിയുടെ ഭാഗമായി ഇതുവരെ നടന്ന പ്രവർത്തനങ്ങൾ യോഗം വിശദമായി വിലയിരുത്തി.

നിലവിൽ പദ്ധതിയുടെ ബേസ് ലൈൻ സർവേ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ദുരന്തബാധിതരായവർക്ക് സൈക്കോസോഷ്യൽ സപ്പോർട്ട് നൽകുന്നതിനായി ഭവനസന്ദർശനം നടന്നു. വരും ദിവസങ്ങളിലും ഭവനസന്ദർശനം തുടരും. ടാസ്ക് ഫോഴ്സ് അംഗങ്ങൾ, കമ്മ്യൂണിറ്റി വോളന്റിയർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ

എന്നിവർ മീറ്റിംഗിനും അവലോകന യോഗത്തിലും സജീവമായി പങ്കെടുത്തു. പ്രോജക്ട് കോർഡിനേറ്റർ സിദ്ധാർത്ഥ് എസ്. നാഥ്, കമ്മ്യൂണിറ്റി മൊബിലൈസർ ഷാനി ജോസഫ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### ക്ലാസുകൾ

LDS ന്റെ നേതൃത്വത്തിൽ ചെമ്പനോട റെയ്മണ്ട് മെമ്മോറിയൽ സ്കൂളിലെ പത്താം ക്ലാസുകാർക്കായും പേരാമ്പ്ര സെന്റ് മീരാസ് സ്കൂളിലെ +1 വിദ്യാർഥികൾക്കായും ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. ഈങ്ങാപ്പുഴ MGM സ്കൂളിലെ +1 വിദ്യാർഥികളുടെ രക്ഷകർത്താക്കൾക്കായി ബോധവത്കരണ സെമിനാർ ക്ലാസ് നടത്തപ്പെട്ടു. LDS ട്രെയിനർ മാത്യു ഇമ്മാനുവൽ മേൽവെട്ടം ക്ലാസ്സുകൾ നയിച്ചു.

ജർമ്മനിയിൽ കൊറിയർ, ഡെലിവറി സർവീസ് കമ്പനികളിൽ സ്റ്റാഫ് അംഗമായി ചേരുവാൻ രജിസ്റ്റർ ചെയ്തവർക്കായി ഗൂഗിൾ മീറ്റിംഗ്, ഡോക്യുമെന്റ് വെരിഫിക്കേഷൻ എന്നിവ നടത്തി. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, മാനേജർ ഷിനോജ് പി. സി എന്നിവർ നേതൃത്വം നൽകി.

### അഡ്മിഷൻ

2026– 27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 നമ്പറിൽ വിളിക്കുക.

## കരിയർ

ജർമ്മനിയിൽ ജോലി ചെയ്യാൻ സുവർണാവസരം ഒരുക്കിക്കൊണ്ട് എൽഡിഎസ്. ലോകത്തിലെ പ്രമുഖ കൊറിയർ, ഡെലിവറി സർവീസ് കമ്പനികളിൽ സ്റ്റാഫ് അംഗമായി ചേരുവാനാണ് അവസരം. ഏതെങ്കിലും ഇന്ത്യൻ ബിരുദവും സാധുവായ 4 വീലർ ഡ്രൈവിംഗ് ലൈസൻസും നിർബന്ധം. താല്പര്യമുള്ളവർ 9447929223 നമ്പറിൽ വിളിക്കുക.

## ഡിസിഎൽ കലോത്സവം

ജില്ലാ കലോത്സവം നടത്തി. 300 ഓളം കുട്ടികൾ പങ്കെടുത്തു.

## ഡിസിഎൽ സമ്മാന വിതരണം

കലോത്സവത്തിൽ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്തു.

## Institute of Food and Agricultural Ethics (IFAE)

ഭക്ഷ്യവും കൃഷിയും സംബന്ധിച്ച ധാർമിക മൂല്യങ്ങളെ ആസ്പദമാക്കി പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനം ആണ് IFAE. താമരശ്ശേരി രൂപതയുടെ സംരംഭമായാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്: 9946646205.

## ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

## ബയോഡൈവേഴ്സിറ്റി അഗ്രി ഫാം

IFAEയുടെ മേൽനോട്ടത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ കാർഷിക ഫാം

പ്രവർത്തനങ്ങൾ സജീവമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫാമിൽ നിന്നുമുള്ള നേന്ത്ര വാഴകുലകളുടെയും പച്ചക്കറി തൈകളുടെയും വില്പന തുടങ്ങിയിരിക്കുന്നു.

### കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനിലക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോം. www.kisanbharath.com

### കിസാൻ ലൈൻ കർഷകർക്കായി സൗജന്യ സഹായ സേവനം

കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24 x 7 സൗജന്യ ഹെൽപ്പ് ലൈൻ. ടോൾഫ്രീ: 1800 425 3777. www.kisanline.com

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽ ഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിൽ മുൻനിരയിൽ പ്രവർത്തിച്ചു വരുന്ന നമ്മുടെ സൊസൈറ്റി 2026 ജനുവരി മാസത്തിൽ പൊതുജനങ്ങൾക്ക് വിവിധ തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി വരികയുണ്ടായി.

ജനുവരി മാസത്തിൽ സൊസൈറ്റി മുഖേന വിവിധ തരത്തിലുള്ള വായ്പകൾ വിതരണം ചെയ്തു. പ്രധാനമായും സ്വർണ്ണ പണയ വായ്പകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, അയൽക്കൂട്ടങ്ങൾ, കൂടാതെ ചെറുകിട കച്ചവടക്കാർ എന്നിവർക്കുള്ള വായ്പകൾ വിജയകരമായി നടപ്പിലാക്കി. നിക്ഷേപ മേഖലയിൽ, സ്ഥിര നിക്ഷേപങ്ങൾക്ക് 8.50% വരെ പലിശ എന്ന ആകർഷകമായ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, ഏജന്റുമാർ മുഖേന നിത്യനിധി നിക്ഷേപങ്ങൾ വിപുലീകരിക്കുകയും ചെയ്തു. സേവിംഗ്സ് നിക്ഷേപങ്ങൾക്ക്

ദിവസം കണക്കാക്കി 4% പലിശ എന്ന സൗകര്യം അംഗങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തി.

ജനുവരി 15 മുതൽ ഫെബ്രുവരി 25 വരെ നടക്കുന്ന സഹകരണ വകുപ്പ് 46-ാം മത് നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി ഒരു വർഷത്തിനു മുകളിലുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് 8.60 % വരെ പലിശ ലഭിക്കുന്നതാണ്.

സാങ്കേതിക പുരോഗതിയുടെ ഭാഗമായി, മൊബൈൽ ബാങ്കിംഗ് ഇടപാടുകൾ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും കഴിയുന്ന ഏറ്റവും നൂതനമായ മൊബൈൽ അപ്ലിക്കേഷൻ സംവിധാനം ജനുവരി മാസത്തിലും കാര്യക്ഷമമായി പ്രവർത്തിച്ചു. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയ പണമിടപാടുകൾ സാധ്യമാക്കി.

വിവിധ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ നല്ല സ്വീകരണം നേടി. COD യുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ തരം ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും ജനുവരി മാസത്തിൽ സജീവമായി തുടരുകയുണ്ടായി.

ജനുവരി മാസത്തിലെ പ്രവർത്തനങ്ങൾ സൊസൈറ്റിയുടെ പുരോഗതിക്കും അംഗങ്ങളുടെ സാമ്പത്തിക സുരക്ഷയ്ക്കും ഗണ്യമായ സംഭാവന നൽകി.

ബാങ്കിംഗ് മേഖലയിലെ എല്ലാ സേവനങ്ങളും അംഗങ്ങൾക്ക് സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണി വരെ പ്രവർത്തിച്ചു വരുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# സെന്റ് അൽഫോൻസ ടൂർസ് - പിൽഗ്രിമേജ്സ്

തീർഥാടന യാത്രകൾ സംഘടിപ്പിക്കുന്നതിനായി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ് എന്ന വിഭാഗം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എല്ലാ യാത്രകളിലും വൈദികരുടെ നേതൃത്വം ഉണ്ടായിരിക്കും. വർഷങ്ങളുടെ അനുഭവമുള്ള ടൂർ മാനേജർമാരും, പരിചയസമ്പന്ന രായ ടൂർ ഗൈഡുകളും യാത്രയിലുടനീളം ഉണ്ടാകുന്നതാണ്. യാത്രയ്ക്ക് വരുന്നവരെ ഒരുമിച്ചുചേർത്ത് വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും കൃത്യമായ വിവരങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

മാർപാപ്പയെ കാണാൻ സുവർണാവസരം ഒരുക്കുന്ന യൂറോപ്പ് യാത്ര, യേശു ജനിച്ചു ജീവിച്ച നാടുകളിലൂടെയുള്ള വിശുദ്ധനാട് തീർഥയാത്ര, ഗോവ യാത്ര തുടങ്ങിയവയാണ് നിലവിൽ നടന്നു കൊണ്ടിരിക്കുന്ന യാത്രകൾ. തീർഥാടന യാത്രകൾക്ക് പുറമേ ഡൽഹി - ആഗ്ര - അമൃത്സർ യാത്ര, ദുബായ് യാത്ര, സിംഗപ്പൂർ - മലേഷ്യ യാത്ര, വിയറ്റ്നാം യാത്ര എന്നിവയും സംഘടിപ്പിക്കുന്നു.

2026 ജനുവരി 23 ന് 40 പേർ ഉൾപ്പെടുന്ന രണ്ട് ബാച്ചുകൾ ഗോവയ്ക്ക് പോയി. ഏപ്രിൽ 13, ഏപ്രിൽ 22 തീയതികളിലായി വിശുദ്ധനാട് യാത്രയും, 2026 മെയ് 11 ന് യൂറോപ്പ് യാത്രയും നടത്തപ്പെടുന്നു. ഏപ്രിൽ 13 ന് വിശുദ്ധനാട് യാത്രയുടെ ബുക്കിംഗ് അവസാനിച്ചു. വിവിധ യാത്രകളുടെ അടുത്ത ബുക്കിങ്ങിലേക്കുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. യാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കു ന്നവർ യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക. PH: 9447008376

**ഫാ. ജോർജ് മുണ്ടനാട്ട്**

ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്



# യേശുനിധി

2025 ഡിസംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Ashokapuram | 8,000.00 |
| 2 | Chempanoda | 15,000.00 |
| 3 | Puthuppady | 15,000.00 |
| 4 | Valook | 15,000.00 |
| | **Home** | |
| 5 | Abhayagiri | 10,000.00 |
| 6 | Kattullamala | 15,000.00 |
| 7 | Kattullamala | 15,000.00 |
| 8 | Koorottupara | 15,000.00 |
| 9 | Mailellampara | 15,000.00 |
| 10 | Mailellampara | 15,000.00 |
| | **Marriage** | |
| 11 | Koorachundu | 20,000.00 |
| 12 | Maruthomkara | 20,000.00 |
| | **Medical** | |
| 13 | Kallanode | 12,000.00 |
| 14 | Kattipara | 8,000.00 |
| 15 | Manjakadave | 10,000.00 |
| 16 | Manjumala | 10,000.00 |
| 17 | Muthukad | 15,000.00 |
| 18 | Muthukad | 12,000.00 |
| 19 | Padathukadave | 10,000.00 |
| 20 | Poothampara | 12,000.00 |
| 21 | Poothampara | 12,000.00 |
| 22 | Thamarassery | 12,000.00 |
| | **Miscellaneous** | |
| 23 | Kattipara | 8,000.00 |
| **Total** | | **2,99,000.00** |

**ഫാ. ജോർജ് മുണ്ടനാട്ട്**
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

## ഡിസംബർ

26 രാവിലെ, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി ഭവന കപ്പേളയിൽ പരിശീലനത്തിലുള്ള അർത്ഥിനികൾക്കായി വി. കുർബാന അർപ്പിച്ചു.

കൂരാച്ചുണ്ട് ഫൊറോന പള്ളിയിൽ താമരശ്ശേരി രൂപതയ്ക്കു വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോൺ കോനുക്കുന്നേലിന് പൗരോഹിത്യപട്ടം നൽകി.

27 രാവിലെ, തിരുവമ്പാടി ഫൊറോന പള്ളിയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോസഫ് പുറത്തൂട്ടിന് പൗരോഹിത്യപട്ടം നൽകി.

ഉച്ചയ്ക്ക്, തോട്ടുമുക്കം ഫൊറോന പള്ളിയിൽ ഒരു വിവാഹ മനസ്സമ്മതത്തിന് കാർമ്മികത്വം വഹിച്ചു.

28 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, അഗസ്ത്യാമൂഴി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ വെച്ച്, കൂടരഞ്ഞിയിൽ പുതുതായി എം.എസ്.ജെ. സന്യാസിനി സമൂഹം ആരംഭിക്കുന്ന നേഴ്സിംഗ് കോളേജ് കെട്ടിടത്തിന്റെ തറക്കല്ല് വെഞ്ചരിക്കുകയും തുടർന്നുള്ള സമ്മേളനത്തിന് ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

വൈകുന്നേരം, പുതുപ്പാടി ഇടവകയിൽ പരേതയായ മേരി കളപ്പുരയ്ക്കലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ, ദീർഘകാലം സേവനം ചെയ്ത ബഹു. സി. പ്ലാസിഡ് എഫ്.സി.സിക്ക് നൽകിയ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

29 രാവിലെ, വെട്ടത്തൂർ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന സെബാസ്റ്റ്യൻ തോട്ടമറ്റത്തിലിന് പൗരോഹിത്യ പട്ടം നൽകി.

വൈകുന്നേരം, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ഒരു വിവാഹ മനസ്സമ്മതത്തിന് കാർമ്മികത്വം വഹിച്ചു.

30 രാവിലെ, കോടഞ്ചേരി ഫൊറോന പള്ളിയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോസഫ് പോത്തനാമുഴിയിലിന് പൗരോഹിത്യ പട്ടം നൽകി.

വൈകുന്നേരം, കാറ്റുള്ളമല ഇടവക ദൈവാലയാങ്കണത്തിൽ, ഇടവക വികാരി ബഹു. ജോസ് പെണ്ണാപറമ്പിലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

31 രാവിലെ, വിളക്കാംതോട് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന സെബാസ്റ്റ്യൻ പല്ലാട്ടിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, കുപ്പായക്കോട് ഇടവകയിൽ ബഹു. ഫ്രാൻസിസ് വെള്ളമാക്കൽ അച്ചന്റെ പുതുതായി നിർമ്മിച്ച ഭവനം വെഞ്ചരിച്ചു.

## ജനുവരി

1 രാവിലെ, പൂതംപാറ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജോസഫ് മലമ്പേലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, കുണ്ടുതോട് ഇടവകയിൽ, ഇടവകയുടെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, ചേവായൂർ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, കോഴിക്കോട്, പി.ഡി.ഡി.എം. സന്യാസിനി ഭവന കപ്പേളയിൽ വി. കുർബാന അർപ്പിച്ചു.

2 രാവിലെ, കണ്ണോത്ത് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന മാത്യു

തുറവക്കലിന് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, പുഷ്പഗിരിയിൽ ഒരു സ്റ്റുഡിയോ (ദൃശ്യം) വെഞ്ചരിച്ചു.

വൈകുന്നേരം, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻ പള്ളി അങ്കണത്തിൽ വെച്ച് സമുദായ ശക്തീകരണ വർഷത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവഹിച്ചു.

3 രാവിലെ, കാക്കവയൽ ഇടവകയിൽ സലേഷ്യൻ സഭാംഗമായ മ്ശംശാന തോമസ് ചക്കാലയിൽ എസ്.ഡി.ബിയ്ക്ക് പൗരോഹിത്യ പട്ടം നൽകി.

ഉച്ചയ്ക്ക്, തോട്ടുമുക്കം ഫൊറോന പള്ളിയിൽ ഒരു മനസ്സമ്മതത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, വെറ്റിലപ്പാറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, പുല്ലാഞ്ഞിമേട് ഒയാസിസ് സീനിയർ കെയർ ഹോമിന്റെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിച്ച ഗ്രോട്ടോയും മുറികളും വെഞ്ചരിക്കുകയും ചെയ്തു.

4 വൈകുന്നേരം, കല്ലാനോട് ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന പാരീഷ് ഹാളിന്റെ തറക്കല്ല് വെഞ്ചരിച്ചു.

പൂഴിത്തോട് അമലോത്ഭവ മാതാ യു.പി. സ്കൂൾ ഗ്രൗണ്ടിൽ നടന്ന സ്കൂളിന്റെ അറുപതാം വാർഷികാഘോഷങ്ങൾക്ക് ആദ്ധ്യക്ഷം വഹിച്ചു.

5 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ സന്യാസിനി സമൂഹഭവന കപ്പേളയിൽ വി. കുർബാന അർപ്പിക്കുകയും പരിശീലനത്തിലായിരിക്കുന്ന അർത്ഥിനികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കരുവാരകുണ്ട് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ താമരശ്ശേരി രൂപതയിൽ ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച നവവൈദികരെ സ്വീകരിക്കുകയും വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്ത സന്യാസ

വൈദികർക്ക് യാത്രയയപ്പ് നൽകുകയും ചെയ്തു.

6 – 10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

6 രാവിലെ, പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റ് കപ്പേളയിൽ ദനഹ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

ഉച്ചയ്ക്ക്, ചീരട്ടാമല ഇടവകയിൽ പരേതനായ ചെറിയാൻ പുത്തൻകളത്തിലിന്റെ ഭവനം സന്ദർശിച്ച് അദ്ദേഹത്തിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

വൈകുന്നേരം, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ, കർമ്മലീത്ത സന്യാസിനി സമൂഹാംഗം പരേതയായ സി. ജോസിറ്റ സി.എം.സി. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

ചെലവൂർ സി.എസ്.റ്റി. പ്രവിശ്യാഭവനിൽ, ചെറുപുഷ്പ സന്യാസ സമൂഹാംഗമായ പരേതനായ ഫാ. ജോസഫ് പുളിന്താനത്തിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

11 രാവിലെ, തളിപ്പറമ്പ് ഫൊറോന പള്ളിയിൽ ഇടവക ത്തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

12 രാവിലെ, നെതർലന്റ്സിലെ റോർമണ്ട് രൂപതാധ്യക്ഷൻ മോസ്റ്റ് റവ. റോൺ ഫെന്റൺ ഹൗട്ടിനോടും റോർമണ്ട് രൂപത മേജർ സെമിനാരി റെക്ടർ ബഹു. ലംബേർട്ടിനുമൊപ്പം രൂപതാഭവൻ കപ്പേളയിൽ വി. കുർബാന അർപ്പിച്ചു.

ചെമ്പനോട മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂൾ ഓഡിറ്റോറിയത്തിൽ, ബഹു. സി. വിനീത ബി.എസ്സിന്റെ വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

ഉച്ചയ്ക്ക്, കെ.സി.ബി.സി. വിലങ്ങാട് പുനരധിവാസത്തിന്റെ ഭാഗമായി നിർമ്മിച്ചു നല്കുന്ന ഒരു ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം വിലങ്ങാട് ഇടവകയിൽ നിർവഹിച്ചു.

വൈകുന്നേരം, താമരശ്ശേരി കത്തീഡ്രൽ ഇടവകയിൽ വി. കുർബാന അർപ്പിച്ച് ഒരു കുടുംബത്തിലെ രണ്ടു കുട്ടികൾക്ക് ആഘോഷപൂർവകമായ ദിവ്യകാരുണ്യം നൽകുകയും വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്ക് ആശംസ നേരുകയും ചെയ്തു.

താമരശ്ശേരി രൂപതാഭവനിൽ നടന്ന അൽഫോൻസ കോളേജ് ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

13 രാവിലെ, മാലാപറമ്പ് ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

കോഴിക്കോട് പൂവങ്ങലിൽ തിരുഹൃദയ സന്യാസിനി സമൂഹം പുതുതായി ആരംഭിച്ച പ്രാർഥനാ ഭവനത്തിൽ വി. കുർബാന അർപ്പിക്കുകയും ഭവനം വെഞ്ചരിക്കുകയും ചെയ്തു.

വൈകുന്നേരം, കുണ്ടുതോട് ഇടവകയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് പുതുതായി നിർമ്മിച്ച 'അഗാപെ' പാരീഷ് ഹാൾ വെഞ്ചരിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

14 രാവിലെ, കോട്ടൂളി ക്രിസ്തുദാസി സന്യാസിനി സമൂഹ ജനറലേറ്റ് കപ്പേളയിൽ വി. കുർബാന അർപ്പിച്ച് ഏതാനും അർത്ഥിനികളുടെ ആദ്യവ്രതവാഗ്ദാനത്തിനും നിത്യവ്രത വാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു.

ഉച്ചയ്ക്ക്, രൂപതാഭവനിൽ, യൂറോപ്യൻ യൂണിയന്റെ വിദ്യാഭ്യാസ സംരഭമായ 'ഇറാസ്മസ്സ്' പ്രോഗ്രാമിന്റെ പ്രതി നിധികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, കോരങ്ങാട് അമർ ജ്യോതി സ്പെഷ്യൽ സ്കൂളിന്റെ രജത ജൂബിലി സമാപന സമ്മേളനത്തിനും വാർഷികാഘോഷത്തിനും ആദ്ധ്യക്ഷം വഹിച്ചു.

15 രാവിലെ, വെറ്റിലപ്പാറ ഇടവകയിലെ ഒരു കുടുംബത്തിലെ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി. തുടർന്ന് വെട്ടുകാട്ടിൽ സണ്ണിയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ദൈവാലയ ത്തിലും ഭവനത്തിലും പ്രാർഥനകൾക്ക് നേതൃത്വം നൽകി.

വെള്ളിമാടുകുന്ന് ഗദ്സെമേൻ നവീകരണ കേന്ദ്രത്തിലെ

ശുശ്രൂഷകർക്കായി വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, പുല്ലാഞ്ഞിമേട്ടിൽ ബഹു. കുര്യാക്കോസ് പുത്തൻവീട്ടിൽ അച്ചന്റെ പുതുതായി നിർമ്മിച്ച ഭവനം വെഞ്ചരിച്ചു.

പുല്ലുരാംപാറ സെന്റ് ജോസഫ്സ് യു.പി. സ്കൂൾ അങ്കണത്തിൽ, സ്കൂളിന്റെ സുവർണ്ണ ജൂബിലി സാംസ്ക്കാരിക സമ്മേളനത്തിനും വാർഷികാഘോഷങ്ങൾക്കും ആദ്ധ്യക്ഷം വഹിച്ചു.

16 രാവിലെ, കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ അമലാപുരി ചാവറ കൾച്ചറൽ സെന്ററിൽ വെച്ച് നടന്ന 'സത്യപ്രകാശം' മതാന്തര സമ്മേളനത്തിന് ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, കരുവാരക്കുണ്ട് ഫൊറോന ദൈവാലയത്തിൽ ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, പന്തല്ലൂർ ഇടവക ദൈവാലയത്തിൽ ഇടവക തിരുന്നാളിന് കൊടിയുയർത്തുകയും തുടർന്നുള്ള വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

17 രാവിലെ, കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ ഇടവക തിരുന്നാളിന് കൊടിയുയർത്തുകയും തുടർന്നുള്ള വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

മുക്കം ഇടവകയിൽ പുതുതായി നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു.

താമരശ്ശേരി രൂപതാഭവനിലെ ജോൺ പോൾ II ഓഡിറ്റോറിയത്തിൽ നടന്ന വിശ്വാസപരിശീലന പ്രധാനാധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

താമരശ്ശേരി എം.എം.പി.സി. ഓഡിറ്റോറിയത്തിൽ, ഓൾ കേരള ക്രിസ്റ്റീൻ മിനിസ്ട്രി സംഘടിപ്പിച്ച 'ഉണ്ണീശോയ്ക്കൊരു ബൈബിൾ' എന്ന മത്സരത്തിൽ കോഴിക്കോട് സോണിൽ നിന്നും പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, കട്ടിപ്പാറ ഇടവക ദൈവാലയത്തിൽ ഇടവക സ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് ആഘോഷ പൂർവകമായ ദിവ്യകാരുണ്യം നൽകുകയും തുടർന്ന് ഇടവക യുടെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച ഒരു ഭവനത്തിന്റെ താക്കോൽദാന കർമ്മം നടത്തുകയും ജൂബിലി വർഷത്തിൽ ജനിച്ച കുഞ്ഞുങ്ങൾക്ക് സ്വർണ്ണ നാണയം സമ്മാനിക്കുകയും ചെയ്തു.

18 രാവിലെ, താമരശ്ശേരി ആരാധന സന്യാസിനി സമൂഹ പ്രവിശ്യാഭവനിൽ നവീകരിച്ച കപ്പേള പുനർകൂദാശ ചെയ്ത് വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, തേഞ്ഞിപ്പലം ഇടവക ദൈവാലയത്തിന്റെ നവീകരിച്ച മുഖവാരം വെഞ്ചരിക്കുകയും ഇടവക സ്ഥാപന ത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ജൂബിലി സമ്മേളനത്തിന് ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

19 – 21 കോഴിക്കോട് പി.എം.ഒ.സി. യിൽ വെച്ച് നടന്ന ജൂനിയർ ക്ലർജി മീറ്റിങ്ങിൽ പങ്കെടുത്തു.

19 രാവിലെ, താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് വൈദികവിദ്യാർഥികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മരുതോങ്കര ഫൊറോന പള്ളിയിൽ, ഫൊറോന യിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

20 രാവിലെ, കോഴിക്കോട് തിരുഹൃദയ സന്യാസിനി പ്രവിശ്യാ ഭവനിൽ സന്യാസിനികളുടെ കുടുംബാംഗങ്ങളോടൊത്ത് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ഇടവക ദൈവാലയത്തിൽ, ബഹു.

ജെയിംസ് വാമറ്റത്തിൽ അച്ചന്റെ പിതാവ് പരേതനായ വർക്കി വാമറ്റത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, കൂരാച്ചുണ്ട് പാരീഷ് ഹാളിൽ കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ വെച്ച് കർഷകരെയും ജനപ്രതിനിധികളെയും ആദരിച്ചു.

വൈകുന്നേരം, ചെമ്പനോട മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂൾ അങ്കണത്തിൽ സ്കൂളിന്റെ വാർഷികവും രജതജൂബിലി ആഘോഷങ്ങളും ഉദ്ഘാടനം ചെയ്തു.

21 കോഴിക്കോട് പി.എം.ഒ.സി. യിൽ നടന്ന ജൂനിയർ ക്ലർജി മീറ്റിങ്ങിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വൈദികരുമായി സംവദിക്കുകയും ചെയ്തു.

കോഴിക്കോട് പി.എം.ഒ.സി.യിൽ വെച്ച് നടന്ന താമരശ്ശേരി രൂപതാ വൈദിക കൂട്ടായ്മയിൽ പങ്കെടുത്തു.

വൈകുന്നേരം, ചമൽ ഇടവക ദൈവാലയ അങ്കണത്തിൽ പുതുതായി നിർമ്മിച്ച കൽക്കുരിശ് വെഞ്ചരിച്ചു.

ചമൽ നിർമ്മല യു.പി. സ്കൂൾ പൂർവവിദ്യാർഥികളുടെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച പ്രവേശന കവാടം ഉദ്ഘാടനം ചെയ്തു. തുടർന്ന് സ്കൂളിന്റെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

22 വൈകുന്നേരം, പാറോപ്പടി സിൽവർ ഹിൽസ് പബ്ലിക് സ്കൂളിൽ നടന്ന വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

രൂപതാഭവനിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

23 വൈകുന്നേരം, ചാത്തൻകോട്ടുനട ഇടവക ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച കൊടിമരം വെഞ്ചരിക്കുകയും തുടർന്ന് വി. കുർബാന അർപ്പിക്കുകയും ചെയ്തു.

24 രാവിലെ, മാലാപറമ്പ് ഇടവകയിലെ ഒരു കുടുംബത്തിലെ രണ്ടു കുഞ്ഞുങ്ങൾക്കും മറ്റൊരു കുടുംബത്തിലെ ഒരു കുഞ്ഞിനും പ്രാരംഭ കൂദാശകൾ നല്കി.

കോട്ടുളി സ്റ്റാർട്ടിൽ നടന്ന ഇന്റർ നാഷണൽ എഡ്യുക്കേഷൻ കൊളോക്കിയം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, വാലില്ലാപ്പുഴ ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് ആഘോഷപൂർവകമായ ദിവ്യകാരുണ്യം നൽകി.

25 രാവിലെ, മരിയാപുരം ഫൊറോന പള്ളിയിൽ, തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

കരുവാരക്കുണ്ട് ഇടവകയിൽ പുതുതായി നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു.

താഴേക്കോട് ഇടവക ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പുതുതായി ലഭിച്ച വി. അന്തോണിസിന്റെ തിരുശേഷിപ്പ് ദൈവാലയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

## താമരശ്ശേരി രൂപതയിൽ നിന്നും നവാഭിഷിക്തരായവർക്ക്
## അഭിനന്ദനങ്ങളും പ്രാർത്ഥനകളും...



ഫാ. ജോൺ കുറ്റിക്കോമ്പിൽ CMI
തേക്കുംകുറ്റി, 29.12.2025



ഫാ. തോമസ് ചക്കാലയിൽ SDB
കാക്കവയൽ, 03.01.2026

## നവ സന്യാസിനിമാർക്ക് താമരശ്ശേരി രൂപതയുടെ
## അഭിനന്ദനങ്ങളും പ്രാർത്ഥനകളും...



സി. റ്റാനിയ തമാങ് SKD



സി. അമല റോസ് SKD
കട്ടിക്കാനായിൽ





സി. ജെസ്ന ജെയ്സൺ SKD
വെള്ളത്തോട്ടത്തിൽ



താമരശ്ശേരി രൂപതയുടെ നവവൈദികർക്ക്
അഭിനന്ദനങ്ങളും പ്രാർത്ഥനകളും...




ഫാ. ജോൺ കൊനൂക്കുന്നേൽ
കൂരാച്ചുണ്ട്, 26.12.2025




ഫാ. ജോസഫ് പുറത്തൂട്ട്
തിരുവമ്പാടി, 27.12.2025




ഫാ. സെബാസ്റ്റ്യൻ തോട്ടമറ്റത്തിൽ
വെട്ടത്തൂർ, 29.12.2025



ഫാ. ജോസഫ് പോത്തനാമുഴി
കോടഞ്ചേരി, 30.12.2025



ഫാ. സെബാസ്റ്റ്യൻ പല്ലാട്ട്
വിളക്കാംതോട്, 31.12.2025



ഫാ. ജോസഫ് മലമ്പേൽ
പൂതംപാറ, 01.01.2026



ഫാ. മാത്യു തുറവക്കൽ
കണ്ണോത്ത്, 02.01.2026